130-ാം ചട്ടപ്രകാരമുള്ള ഉപക്ഷേപം

## കസ്തൂരി രംഗൻ കമ്മിറ്റി റിപ്പോർട്ട്

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കേരളത്തിലെ ജനങ്ങൾക്കിടയിൽ ഉയർന്നുവന്നിട്ടുള്ള ആശങ്കകൾ സംബന്ധിച്ച് സഭ ചർച്ച ചെയ്യണം എന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഇങ്ങനെയൊരു ഉപക്ഷേപത്തിന് നോട്ടീസ് കൊടുക്കാൻ ഞാൻ നിർബന്ധിതനായത് കസ്തൂരി രംഗൻ റിപ്പോർട്ട് സർപ്പിക്കപ്പെട്ടതിനുശേഷം മലയോര മേഖലയിലാകെ പ്രക്ഷുബ്ധകരമായ ഒരന്തരീക്ഷം വന്നു ചേർന്നതിനാലാണ്. കൃഷിക്കാർ സമരരംഗത്താണ്. മതപുരോഹിതന്മാർ ഉൾപ്പെടെ ഈ സമരത്തിന് നേതൃത്വം കൊടുത്ത് രംഗത്തിറങ്ങിയിരിക്കുകയാണ്. അങ്ങനെയുള്ളവരുടെയെല്ലാം പേരിൽ പോലീസ് കേസ്സെടുത്ത് അവരെ പീഡിപ്പിച്ച് ഈ സമരരംഗത്തുനിന്നും പിന്തിരിപ്പിക്കാനുള്ള ശ്രമമാണ് ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇവിടെ പരിസ്ഥിതി സംരക്ഷണം ഒരു പ്രധാനപ്പെട്ട കാര്യമാണ്. പരിസ്ഥിതി സംരക്ഷിച്ചുകൊണ്ടുള്ള ഒരു വികസനമാണ് നമുക്ക് അംഗീകരിക്കാൻ സാധിക്കുന്നത്. പരിസ്ഥിതി ഒരു വിഷയമേയല്ല, വികസനത്തിനുവേണ്ടി പരിസ്ഥിതിയെ നശിപ്പിക്കാം എന്ന വാദഗതിയോട് ഞങ്ങൾക്ക് യോജിപ്പില്ല. പരിസ്ഥിതി സംരക്ഷിച്ചുകൊണ്ടുള്ള വികസനത്തിന് സഹായകരമല്ലാത്ത റിപ്പോർട്ടുകളാണ് ഗാഡ്ഗിൽ റിപ്പോർട്ടും കസ്തൂരി രംഗൻ കമ്മിറ്റി റിപ്പോർട്ടും. ആറ് സംസ്ഥാനങ്ങളെ ബാധിക്കുന്നതാണ് പശ്ചിമഘട്ട സംരക്ഷണവുമായി ബന്ധപ്പെട്ട ഈ രണ്ട് റിപ്പോർട്ടുകളുമെന്നതാണ് വസ്തുത. ഇതുസംബന്ധിച്ച് ഇതുവരെ ചർച്ച ചെയ്യപ്പെട്ട കാര്യങ്ങളൊന്നും ഇന്നിവിടെ സംസാരിക്കാൻ ഞാനുദ്ദേശിക്കുന്നില്ല. ഇതുസംബ

ന്ധിച്ച് ക്ലാരിഫൈ ചെയ്യുന്നതിനായി നാല് ഘട്ടങ്ങളിലായി കേന്ദ്ര ഗവൺമെന്റ് നാല് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. അതിൽ ഏറ്റവും ഒടുവിൽ പുറപ്പെടുവിച്ച 2013 ഡിസംബർ മാസം 20-ാം തീയതിയിലെ ഓഫീസ് മെമ്മോറാണ്ടം വഴി എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമായി എന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേയും ഭരണകക്ഷിയുടേയും വാദങ്ങൾ നിരർത്ഥകമാണ്. അത് ജനങ്ങളെ കബളിപ്പിക്കലാണ്. ഡിസംബർ മാസം 20-ാം തീയതിയിലെ ഓഫീസ് മെമ്മോറാണ്ടം വഴി പ്രശ്നങ്ങൾ പരിഹരിച്ചിട്ടില്ലെന്നുമാത്രമല്ല കസ്തൂരിരംഗൻ റിപ്പോർട്ടിൽ പറയുന്ന കാര്യങ്ങളെല്ലാം അതേപടി അംഗീകരിച്ചിരിക്കുകയുമാണ്. അതിൽ പറഞ്ഞിരിക്കുന്നത് ഇതുസംബന്ധിച്ച് അന്തിമ തീരുമാനമെടുക്കുന്നതിനുമുമ്പ് അതാത് സ്റ്റേറ്റ് ഗവൺമെന്റുകളുടെ അഭിപ്രായംകൂടി പരിഗണിക്കുമെന്നാണ്. എന്നാൽ രണ്ടുദിസംമുമ്പ് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ അഭിഭാഷകർ ഹരിത ട്രിബ്യൂണലിന്റെ മുമ്പിൽ മൊഴി നൽകിയിരിക്കുന്നത് ഡിസംബർ മാസം 20-ാം തീയതിയിലെ ഉത്തരവല്ല, നവംബർ മാസം 13-ാം തീയതി പുറപ്പെടുവിച്ചിട്ടുള്ള ഡയറക്ഷൻ നിലനിൽക്കുന്നുവെന്നാണ്. ഇതാണ് ഇന്നലെമുതൽ മലയോര മേഖലയിൽ പുതിയ ആശങ്കയുണ്ടാക്കിയിരിക്കുന്നത്. നവംബർ മാസം 13-ാം തീയതിയിലേത് ഓഫീസ് മെമ്മോറാണ്ടമല്ല, കേന്ദ്ര ഗവൺമെന്റിന്റെ ഡയറക്ഷൻസാണ്. ഇത് പരിസ്ഥിതി സംഘടനകൾക്ക് കൊടുത്തിരിക്കുന്ന ഡയറക്ഷൻസാണെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ പറഞ്ഞത്. അങ്ങനെയല്ല, State Environment Impact Assessment Authority, Kerala, The State Expert Appraisal Committee Kerala, Member Secretary, State

Pollution Control Board of Kerala എന്നിവർക്കെല്ലാം ഈ ഡയറക്ഷൻ കൊടുത്തിട്ടുണ്ട്. ഇതിന്റെ കൂടെ Concerned Regional Officers of the Ministry dealing with the State of Kerala എന്നിവർക്കും ഈ ഡയറക്ഷൻ കൊടുത്തു. ഇതുപ്രകാരം ഈ ഡയറക്ഷൻസ് പാലിക്കാനുള്ള ബാധ്യത ഈ സംസ്ഥാനത്തുള്ള ഇതുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന എല്ലാ ഉദ്യോഗസ്ഥരിലും നിക്ഷിപ്തമായിരിക്കുകയാണ്. 1996-ലെ എൻവയോൺമെന്റ് പ്രൊട്ടക്ഷൻ ആക്ട് അനുസരിച്ചാണ് ഈ ഡയറക്ഷൻസ് കൊടുത്തിട്ടുള്ളത്. എൻവയോൺമെന്റ് പ്രൊട്ടക്ഷൻ ആക്ടിലെ ക്ലോസ് 5-ൽ പറയുന്നത്, "Not withstanding anything contain in any other Law, but subject to the provisions of this Act, the Central Government may, in the exercise of its powers and performance of its functions under this Act, issue directions in writing to any person, officer or any authority and such person, officer or authority shall be bound to comply with such directions" എന്നാണ്. ഇതുപ്രകാരം, ഡയറക്ഷൻസ് പാലിക്കാനുള്ള ബാധ്യത സ്റ്റേറ്റ് ഗവൺമെന്റിനുണ്ട്, ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്കുണ്ട്. ഡയറക്ഷൻസ് പാലിച്ചില്ലെങ്കിൽ അതിനുള്ള ശിക്ഷയും അതിൽത്തന്നെ വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. സെക്ഷൻ 15-ൽ ഇതിനുള്ള പെനാലിറ്റി പറഞ്ഞിരിക്കുന്നത് 5 വർഷത്തേയ്ക്ക് ശിക്ഷിക്കപ്പെടുന്ന കുറ്റമാണെന്നാണ്. ഈ ഡയറക്ഷൻസ് നടപ്പാക്കിയില്ലെങ്കിൽ ഈ സംസ്ഥാനത്തെ ഏതൊരു ഉദ്യോഗസ്ഥനേയും 5 വർഷത്തേയ്ക്ക് ശിക്ഷിക്കാൻ സാധിക്കുന്ന നിലയാണിപ്പോൾ

ഉണ്ടായിട്ടുള്ളത്. അതുകൊണ്ട് ഒരു ഉദ്യോഗസ്ഥനും ഇത് നടപ്പാക്കാതിരിക്കാൻ കഴിയില്ല. കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശങ്ങളനുസരിച്ച് ഈ സംസ്ഥാനത്തെ 123 വില്ലേജുകളിലേയും ഉദ്യോഗസ്ഥന്മാർ ആക്ട് ചെയ്യാൻ തുടങ്ങിയിരിക്കുകയാണ്. ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാർ, റവന്യൂ ഉദ്യോഗസ്ഥന്മാർ തുടങ്ങിയവരെല്ലാം ഈ ഡയറക്ഷൻസിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. ആ ഡയറക്ഷൻസ് ഇപ്പോൾ ഇല്ല എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ശ്രീ. വീരപ്പ മൊയ്‌ലിയും പറഞ്ഞാൽ, നിയമത്തിനതീതരായി നിൽക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ശ്രീ. വീരപ്പ മൊയ്‌ലിക്കും കഴിയുമോ? നിയപരമായി ബാധ്യതപ്പെട്ട ഈ കാര്യം നടപ്പാക്കുന്നതോടുകൂടി വന്നിരിക്കുന്ന പ്രശ്നമെന്നുപറയുന്നത്, ഇതുപ്രകാരം സർക്കാരിന്റെ ഭൂമി സ്വകാര്യ മേഖലയ്ക്ക് കൈമാറാൻ പാടില്ല. ഇതിന്റെ പ്രത്യാഘാതം എന്നുപറയുന്നത് ഇടുക്കി ജില്ലയിലെ കൃഷിക്കാർക്ക് പട്ടയം കൊടുക്കാൻ കഴിയില്ല. ഇതിന്റെ ഫലമായി ഇടുക്കി ജില്ലയിലെ പട്ടയവിതരണം സമ്പൂർണ്ണമായി സ്തംഭിച്ചിരിക്കുകയാണ്. മാത്രമല്ല, ആദിവാസികൾക്ക് കൈവശാവകാശ രേഖ കൊടുക്കാൻ കഴിയില്ല. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് വനാവകാശ നിയമപ്രകാരം 26,000 ആദിവാസികൾക്ക് കൈവശാവകാശ രേഖ കൊടുത്തു. ആ കൈവശാവകാശ രേഖ ഇതുപ്രകാരം നഷ്ടപ്പെടും. ആദിവാസികൾക്ക് കൊടുത്ത ഭൂമിപോലും തിരിച്ചെടുക്കാൻ സാധിക്കുന്ന തരത്തിലുള്ള ഡയറക്ഷൻസാണ് ഇപ്പോൾ വന്നിരിക്കുന്നത്. മറ്റൊന്ന്, വില്ലേജിൽ ഇന്നുള്ള സെറ്റിൽമെന്റിനുപുറമേ, ജനസംഖ്യ വർദ്ധിക്കുന്നതിനുസരിച്ച് പുതിയ വീടുകൾ വയ്ക്കാൻ പാടില്ല. വീടുകളിലൊന്നുംതന്നെ ഒരുതരത്തിലുള്ള എക്സ്റ്റൻഷൻ നടത്താനും പാടില്ല. ഈ

123 വില്ലേജുകളിലും ഇന്ന് നിലവിലുള്ള കന്നുകാലി ഷെഡ്ഡുകൾ പോലും വിപുലീകരിക്കാൻ പാടില്ല. ആശുപത്രി കെട്ടിടങ്ങളോ ലൈബ്രറി കെട്ടിങ്ങളോ സ്കൂളുകളോ ആരാധനാലയങ്ങളോ പള്ളികളോ ക്ഷേത്രങ്ങളോ പുതുതായി നിർമ്മിക്കാനോ വിപുലീകരിക്കാനോ പാടില്ല. ഇതാണ് ഈ ഓർഡർ വന്നതിന്റെ ഫലമായി 123 വില്ലേജുകളിലും സംഭവിച്ചിരിക്കുന്നത്. കൂടാതെ, കെമിക്കൽ ഫെർട്ടിലൈസറുകളുടെ ഉപയോഗം സമ്പൂർണ്ണമായി നിരോധിച്ചിരിക്കുകയാണ്. ഫലപ്രദമായ ബദൽ സംവിധാനമില്ലാതെ ഇത് സമ്പൂർണ്ണമായി നിരോധിച്ചുകഴിഞ്ഞാൽ കാർഷിക മേഖലയിലെ സ്ഥിതിയെ ന്താകും? ശാസ്ത്രീയവും സന്തുലിതവുമായ വിധത്തിലുള്ള രാസവള ങ്ങളുടെ ഉപയോഗം പെട്ടെന്ന് നിറുത്തിക്കഴിഞ്ഞാൽ മലയോര മേഖലയിലെ കാർഷിക മേഖലയിൽ ഉത്പാദനക്ഷമത കുറയും. മലയോര മേഖലയിലെ ഉത്പാദനം മുരടിക്കും. കനകം വിളയിക്കുന്ന പ്രദേശങ്ങളായിട്ടുള്ള ഹൈറേഞ്ച്, ഇടുക്കി, വയനാട്, കോഴിക്കോട് ജില്ലയിലെ മലയോരങ്ങൾ, കണ്ണൂർ ജില്ലയിലെ മലയോരങ്ങൾ, പാലക്കാട് ജില്ലയിലെ മലയോരങ്ങൾ തുടങ്ങിയ പ്രദേശങ്ങളിലെല്ലാംതന്നെ കാർഷിക ഉത്പാദന മേഖലയിൽ മുരടി പ്പുണ്ടാകും.

ജൈവകൃഷി പ്രോത്സാഹിപ്പിക്കണമെന്ന് പറയുമ്പോൾ അതിനുവേണ്ടി യുള്ള എന്ത് സാമ്പത്തിക സഹായമാണ് കൊടുക്കുന്നത്; ഉപദേശം മാത്രമാ ണ് കൊടുക്കുന്നത്. കർഷകന് ഉപദേശം കൊടുത്തുകൊണ്ട് നിങ്ങൾ ജൈവകൃഷി ചെയ്തുകൊള്ളണമെന്ന് പറഞ്ഞാൽ ആരാണ് ജൈവകൃഷി ചെയ്യാൻ പോകുന്നത്? കാർഷികോല്പാദന മേഖല സമ്പൂർണ്ണമായി മുരടിക്കുന്ന, കേരളത്തിന്റെ കാർഷിക സമ്പദ്ഘടന തകർക്കുന്ന നിർദ്ദേശങ്ങ

ളുള്ളതുകൊണ്ടാണ് ഇതുസംബന്ധിച്ച് കടുത്ത വിയോജിപ്പ് ഉയർന്നുവന്നിരിക്കുന്നത്. മറ്റൊന്ന്, ഈ മേഖലയിലുള്ള ആളുകൾ കൃഷി, പശുവളർത്തൽ, കന്നുകാലി വളർത്തൽ ഇതെല്ലാം ചെയ്യുന്നവരാണ്. അതുമായി ബന്ധപ്പെട്ടുള്ള ഒരു വ്യവസായവും ഇവിടെ നടത്താൻ സാധിക്കില്ല. പാൽ സംസ്ക്കരണം നടക്കില്ല, പാലുൽപ്പന്നങ്ങളുണ്ടാക്കാൻ കഴിയില്ല, മാംസ വിപണനം നടത്താൻ കഴിയില്ല, സസ്യ എണ്ണ ഉല്പാദിപ്പിക്കാൻ കഴിയില്ല, കാർഷികാധിഷ്ഠിത വ്യവസായങ്ങൾ നടപ്പാക്കാൻ കഴിയില്ല, ആശുപത്രികൾ ആരംഭിക്കാൻ സാധിക്കില്ല, സിമന്റ് ഇൻഡസ്ട്രി പാടില്ല. അതിന്റെ ഫലമായി വരുന്ന പ്രത്യാഘാതം, വാളയാർ പ്രദേശത്തെ പുതുശ്ശേരി ഇതിൽ ഉൾപ്പെട്ടതോടുകൂടി മലബാർ സിമന്റ്സ് ഫാക്ടറി അടച്ചുപൂട്ടേണ്ടതായി വരും. മലബാർ സിമന്റ്സ് ഫാക്ടറിക്ക് ഉൾപ്പെടെ പ്രവർത്തിക്കാൻ സാധിക്കാത്ത നിർദ്ദേശങ്ങളാണ് കസ്തൂരി രംഗൻ കമ്മിറ്റിയുടേതായി പുറത്തുവന്നിരിക്കുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ നവംബർ 13-ലെ ഡയറക്ഷൻ പ്രകാരം മലബാർ സിമന്റ്സ് ഫാക്ടറിക്കുപോലും ഇവിടെ പ്രവർത്തിക്കാൻ സാധിക്കില്ല. ജൈവകൃഷി പ്രോത്സാഹിപ്പിക്കണം. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി കൃഷിക്കാരനെ മാറ്റുമ്പോൾ ആ കൃഷിക്കാർക്ക് ആവശ്യമായി വരുന്ന സാമ്പത്തിക സഹായം ഗവൺമെന്റ് പ്രഖ്യാപിക്കണം. അങ്ങനെ ഒരു പ്രഖ്യാപനവും ഇതുവരെ ഗവൺമെന്റ് നടത്തിയിട്ടില്ല. പശ്ചിമഘട്ടത്തിൽ ഉൾപ്പെട്ടിട്ടുള്ള 4156 വില്ലേജുകളിൽ കേരളത്തിൽ നിന്ന് 123 വില്ലേജുകളല്ലേയുള്ളൂ എന്നാണ് ചോദിക്കുന്നത്. കേരളത്തിലെ ഈ 123 വില്ലേജുകളിലായാണ് 27 ലക്ഷം ജനങ്ങൾ അധിവസിക്കുന്നത്. ഏറ്റവും ജനസാന്ദ്രതയുള്ള പ്രദേശങ്ങളെ ചേർത്ത് കേരളത്തിനെ ഇ.എസ്.എ. പ്രഖ്യാപിച്ചു എന്നുള്ളതാണ് ഇവിടെയുള്ള ഏറ്റവും ആപത്ക്കരമായ പ്രശ്നം. ഡിസംബർ 20-ലെ

ഓഫീസ് മെമ്മോറാണ്ടംവഴി നമുക്ക് യാതൊരു ഗുണവും ഉണ്ടായിട്ടില്ലെന്ന് മാത്രമല്ല നവംബർ 13-ന്റെ ഡയറക്ഷൻസ് നടപ്പാക്കേണ്ടതില്ലെന്ന് ഡിസംബർ 20-ലെ ഓഫീസ് മെമ്മോറാണ്ടത്തിൽ പറഞ്ഞിട്ടുമില്ല. അതുകൊണ്ടാണ് നവം ബർ 13-ലെ ഡയറക്ഷൻ നിലനിൽക്കുകയാണെന്ന് ഹരിത ട്രൈബ്യൂണലിന്റെ മുന്നിൽ കേന്ദ്ര ഗവൺമെന്റിന്റെ വക്കീൽ പറഞ്ഞത്. ഇനി ഡിസംബർ 20-ന്റെ ഉത്തരവ് പറഞ്ഞുകൊണ്ട് കേരളത്തിലെ ജനങ്ങളെ കബളിപ്പിക്കാൻ മുഖ്യമന്ത്രിക്ക് എങ്ങനെ സാധിക്കും? പാർലമെന്റ് തെരഞ്ഞെടുപ്പുവരെ ഈ പ്രശ്നം ഇങ്ങനെ അടക്കി നിർത്താനാണ് പരിപാടി. ബി.ജെ.പി.-യുടെ നിലപാട് ഗാഡ്ഗിൽ വേണം എന്നുള്ളതാണ്. ബി.ജെ.പി. വന്നാൽ ഗാഡ്ഗിൽ വരും. കോൺഗ്രസ്സ് നേതൃത്വം നൽകുന്ന യു.പി.എ. വന്നാൽ കസ്തൂരി വരും. ഇത് രണ്ടും വേണ്ട. ഗാഡ്ഗിലും വേണ്ട, കസ്തൂരിയും വേണ്ട. ഇത് രണ്ടുമല്ലാത്ത ഒരു സംവിധാനമാണ് നമ്മൾ കണ്ടുപിടിക്കേണ്ടത്. അതിന് പറ്റുന്ന രീതിയിലുള്ള ഒരു സംവിധാനത്തെക്കുറിച്ച് ആലോചിക്കണം. ഈ രണ്ട് കമ്മിറ്റികളുടെയും ഏറ്റവും വലിയ പോരായ്മ, ഗാഡ്ഗിൽ കമ്മിറ്റിയിൽ 14 പേരുണ്ടായിരുന്നു. കസ്തൂരി രംഗൻ കമ്മിറ്റിയിൽ 9 പേരുണ്ടായിരുന്നു. ഗാഡ്ഗിൽ ഒരു പരിസ്ഥിതി ശാസ്ത്രജ്ഞനാണ്. കസ്തൂരി രംഗൻ ബഹിരാ കാശ ശാസ്ത്രജ്ഞനാണ്. ഈ രണ്ട് റിപ്പോർട്ടുകളുടെയും പ്രധാന പോരായ്മ ഇത് ഉദ്യോഗസ്ഥ മേധാവിത്വ റിപ്പോർട്ടുകളാണ്. ഉദ്യോഗസ്ഥന്മാ രുടെ മാത്രം അഭിപ്രായങ്ങൾ കണക്കിലെടുത്ത് തയ്യാറാക്കിയ റിപ്പോർട്ടാണിത്. ഈ റിപ്പോർട്ടുകൾ ജനാധിപത്യ വീക്ഷണമില്ലാത്ത റിപ്പോർട്ടുകളായിരുന്നു. മാനുഷിക-പാരിസ്ഥിതികബന്ധം സംബന്ധിച്ച കാഴ്ചപ്പാടില്ലാത്ത റിപ്പോർട്ടാണ് ഇവിടെ വന്നിട്ടുള്ളത്. അതുകൊണ്ട് ഈ പ്രദേശത്തെ ജനങ്ങളെ വിശ്വാസത്തിലെടുക്കണം. നമ്മുടെ പശ്ചിമ ഘട്ട

ത്തിൽ ഇന്ന് നിലനിൽക്കുന്ന പരിസ്ഥിതി സംരക്ഷണം ആരാണ് നടത്തിയത്; അവിടത്തെ ജനങ്ങളാണ് ഈ പരിസ്ഥിതി സംരക്ഷിച്ചിരുന്നത്. ഇന്നവിടെ നിലനിൽക്കുന്ന പരിസ്ഥിതിയുടെ സംരക്ഷകർ അവിടത്തെ ജനങ്ങളാണ്. ആ ജനങ്ങളെ വിശ്വാസത്തിലെടുത്തുകൊണ്ട് മാത്രമേ പരിസ്ഥിതി സംരക്ഷണം വിജയിപ്പിക്കാൻ സാധിക്കുകയുള്ളൂ. അതിനുപകരം ജനവാസം ഇല്ലാതാക്കുന്ന വിധത്തിലുള്ള നിർദ്ദേശങ്ങൾ മുന്നോട്ടുവന്നാൽ അത് ഒരു കാരണവശാലും ജനങ്ങൾ അംഗീകരിച്ചുകൊടുക്കില്ല. പരിസ്ഥിതി സംരക്ഷണത്തിന്റെ പേരുപറഞ്ഞുകൊണ്ട് ജനങ്ങളെ തെരുവാധാരമാക്കരുത്. അതുകൊണ്ട് ജനങ്ങൾക്കുവേണ്ടി നിലകൊള്ളാനേ ഈ നിയമസഭയ്ക്കും ഗവൺമെന്റിനും സാധിക്കൂ. അതുകൊണ്ട് ഒരു പുതിയ കമ്മിറ്റിയെ കേന്ദ്ര ഗവൺമെന്റ് നിശ്ചയിക്കണം. അതിൽ സാമൂഹ്യ ശാസ്ത്രജ്ഞന്മാർ, പരിസ്ഥിതി വിദഗ്ധന്മാർ, കർഷക നേതാക്കന്മാർ, വിവിധ രാഷ്ട്രീയ വീക്ഷണങ്ങളുള്ളവർ എന്നിവരെയെല്ലാം ഉൾക്കൊള്ളിക്കണം. അങ്ങനെയുള്ളവരെ ഉൾപ്പെടുത്തി ഒരു പുതിയ കമ്മിറ്റി രൂപീകരിച്ചുകൊണ്ട് എല്ലാ ഭാഗത്തുമുള്ള അഭിപ്രായങ്ങൾ പരിഗണിച്ചുകൊണ്ടുമാത്രമേ കേന്ദ്ര ഗവൺമെന്റ് ഇത് നടപ്പാക്കാൻ പാടുള്ളൂ. അതുവരെ ഇതിന്റെ നടത്തിപ്പ് നിറുത്തിവയ്ക്കണം. ഗാഡ്ഗിൽ കമ്മിറ്റി ശുപാർശകളും കസ്തൂരി രംഗൻ ശുപാർശകളും നടപ്പിലാക്കരുത്. ഈ മലയോര മേഖല ഒരു യുദ്ധക്കളമാക്കി മാറ്റാൻ പാടില്ല. ഇന്ന് മലയോര രംഗത്ത് നിലനിൽക്കുന്ന യുദ്ധസമാനമായ അവസ്ഥയ്ക്ക് പരിഹാരം കാണത്തക്കവിധത്തിൽ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ മുഴുവനും അവരുടെ കൂടെ നിൽക്കണം. ആ കൃഷിക്കാരിൽ പ്രത്യാശയുണ്ടാക്കിക്കൊടുക്കണം. കൃഷിക്കാരുടെ പേരിൽ കേസ്സെടുത്ത് അവരെ ജയിലിലടയ്ക്കുന്ന പരിപാടി സംസ്ഥാന ഗവൺമെന്റ് പൂർണ്ണമായും ഉപേക്ഷിക്കണം. ഇന്ന് നിയമസഭയിൽ ചർച്ചയു

ണ്ടെന്നറിഞ്ഞപ്പോൾ തിരുവമ്പാടിയിൽ നിന്നുള്ള ആളുകൾ വിളിച്ചിട്ട്, ഞങ്ങളെയെല്ലാം അറസ്റ്റ് ചെയ്തുകൊണ്ടിരിക്കുകയാണെന്ന് പറഞ്ഞു. യുദ്ധത്തിന് സമാനമായ അവസ്ഥ അവിടെയുണ്ടാക്കാൻ പാടില്ല. കേരളത്തിൽ മാത്രമല്ല ഈ സമരം. ആറ് സംസ്ഥാനങ്ങളിലും പ്രശ്നങ്ങളുണ്ട്. ഏറ്റവും കൂടുതൽ ഇവിടെയാണ്. നാളെ ഡൽഹിയിൽ പാർലമെന്റിനുമുന്നിൽ ആൾ ഇന്ത്യാ കിസാൻ സഭയുടെ നേതൃത്വത്തിൽ കൃഷിക്കാർ സമരം നടത്താൻ പോകുകയാണ്. ശ്രീ. ഇ. പി. ജയരാജൻ എം.എൽ.എ., ശ്രീ. കെ. വി. വിജയദാസ് എം.എൽ.എ. എന്നിവർ അവിടേക്ക് പുറപ്പെട്ടിരിക്കുകയാണ്. പാർലമെന്റിന്റെ മുന്നിലേക്കുവരെ ഈ സമരം എത്താൻ പോകുകയാണ്. ഞാൻ സമയം കൂടുതൽ എടുക്കുന്നില്ല, അനുവദിച്ച സമയത്തിനുള്ളിൽ പ്രസംഗം നിർത്തേണ്ടതായിട്ടുണ്ട്. ഗൗരവതരമായ ഈ പ്രശ്നത്തിൽ സഭയുടെ അഭിപ്രായ സമന്വയമുണ്ടാക്കി അതിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഗവൺമെന്റ് കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ പാടുള്ളൂ. ഇന്ന് ചെയ്യുന്ന എല്ലാ നടപടികളും നിറുത്തിവയ്ക്കാനുള്ള അടിയന്തരമായ ഇടപെടൽ സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് ചെയ്യണം. അത് ഇലക്ഷൻ ഓറിയന്റഡ് ആകാൻ പാടില്ല. കൃഷിക്കാരെ ആത്മാർത്ഥമായി സഹായിക്കുന്ന തരത്തിലുള്ള നടപടികളുമായി സർക്കാർ മുന്നോട്ട് പോകണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ സഭ ഐകകണ്ഠ്യേന ഈ പ്രമേയം അംഗീകരിക്കുമെന്ന പ്രത്യാശയോടുകൂടി ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

മി. ചെയർമാൻ: മറ്റ് പ്രാസംഗികർക്കൊന്നും അനുവദിച്ചതിനെക്കാൾ കൂടുതൽ ഒരു സെക്കന്റുപോലും അധികമായി അനുവദിക്കുകയില്ല. പ്രമേയാവതാരകനായതുകൊണ്ടാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ

ഉപനേതാവിന് അധിക സമയം അനുവദിച്ചത്. മറ്റാർക്കും നിശ്ചിത സമയത്തിൽ നിന്ന് ഒരു സെക്കന്റുപോലും അധികം കിട്ടില്ല.

ശ്രീ. പാലോട് രവി: സർ, കർഷകരുടെയും ജനങ്ങളുടെയും ആശങ്ക പൂർണ്ണമായും അകറ്റുന്നതിനുവേണ്ടി ഈ സഭയിൽ ഇന്ന് ചർച്ച ചെയ്യുന്ന വിഷയത്തെ കൂടുതൽ ആശങ്കയിലേക്ക് നീക്കരുതെന്നാണ് എനിക്ക് ആമുഖമായി പറയാനുള്ളത്. മണ്ണിനെയും പ്രകൃതിയേയും എന്നും സ്നേഹിച്ചും ജൈവ വൈവിധ്യമാകുന്ന തരത്തിൽ സംരക്ഷിച്ചുമാണ് മണ്ണിന്റെ മക്കൾ ഇവിടെ കൃഷി ചെയ്ത് തങ്ങളുടെ ഉപജീവന മാർഗ്ഗം എന്നും പിന്തുടർന്ന് പോന്നിട്ടുള്ളത്. പ്രകൃതിയില്ലാതെ കർഷകനില്ല, കർഷകനില്ലാത്ത പ്രകൃതിയെക്കൊണ്ട് ഒരു കാര്യവുമില്ല. കാരണം പ്രകൃതി പ്രകൃതിക്കുവേണ്ടി മാത്രമല്ല, മണ്ണിൽ പണിയെടുക്കുന്ന മനുഷ്യനുകൂടി വേണ്ടിയുള്ളതാണ്. അതുകൊണ്ട് നിശ്ചയമായും ബഹുമാന്യനായ കോടിയേരി ബാലകൃഷ്ണൻ ഇവിടെ അവതരിപ്പിച്ച ഈ പ്രമേയത്തിന്റെ ആശങ്ക ഈ സഭ ഉൾക്കൊള്ളുന്നു. അതനുസരിച്ചുതന്നെ കേരളവും കേരളത്തിന് സ്വാധീനിക്കാൻ കഴിയുന്ന സകല മേഖലകളിലും അതിനുവേണ്ടിയുള്ള പ്രവർത്തനം നടത്തുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. പതിറ്റാണ്ടുകളായി നമ്മുടെ വയലേലകളിൽ ഉർവ്വരതയുടെ ഉണർത്തുപാട്ടുണ്ടായിട്ടുണ്ട്. ഞങ്ങളുടെയെല്ലാം കുട്ടിക്കാലത്ത്, 30–35 വർഷങ്ങൾക്കുമുമ്പുതന്നെ പ്രകൃതിയെ സംരക്ഷിക്കുന്ന ഞാറ്റുപാട്ടുകളാണ് വയലേലകളിൽ നിന്ന് കർഷകരും കർഷകത്തൊഴിലാളികളും ഒരുമിച്ചുനിന്ന് പാടിയിരുന്നത്.

കാടില്ലെങ്കിൽ നാടില്ല മക്കളേ
മലയില്ലെങ്കിൽ മണ്ണില്ല മക്കളേ
മണ്ണില്ലെങ്കിൽ വേലയില്ല, വിളയില്ല

വിളയില്ലെങ്കിലോ ജീവനും ജീവിയുമില്ല

മലയില്ലെങ്കിൽ കാറ്റില്ല, കാട്ടാറില്ല

ആറില്ലെങ്കിൽ വെള്ളമില്ല

വെള്ളമില്ലേൽ ജീവനില്ല, ജീവിയില്ല

കാട് കാക്കൂ, മല കാക്കൂ, മണ്ണ് കാക്കൂ മനുഷ്യരേ

നിങ്ങളെ നിങ്ങൾ കാക്കൂ.

10–50 വർഷങ്ങൾക്കുമുമ്പ് ഈ പ്രകൃതിയെയും പരിസ്ഥിതിയെയുമെല്ലാം സംരക്ഷിച്ചതാരാണ്? എന്നും ഈ മലകളെയും കാടിനെയും മഴയെയും സംരക്ഷിച്ചത് നമ്മുടെ കർഷകരാണ്. ഈ ആശങ്ക അകറ്റുന്നതിനുവേണ്ടി പ്രതിപക്ഷ ഉപനേതാവും പ്രതിപക്ഷനേതാവും എല്ലാപേരുംകൂടി ചേർന്ന് ഒരു മിച്ചുനിന്നാൽ കേരളത്തിന്റെ ശബ്ദം യഥാർത്ഥത്തിൽ കേൾക്കേണ്ടവർ കേൾക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. പ്രധാനമന്ത്രി കേൾക്കും ശ്രീ. വീരപ്പമൊയ്‌ലി കേൾക്കും. രാജ്യത്ത് ജനാധിപത്യഭരണ സംവിധാനമുണ്ടെങ്കിൽ ആ ഭരണ സംവിധാനം കർഷകരെ ദ്രോഹിച്ചുകൊണ്ടുള്ള ഒരു നടപടിക്കും കൂട്ടുനിൽക്കില്ല എന്നുള്ളതാണ് സത്യം. ബംഗാളിൽ നമുക്ക് അനുഭവമുണ്ടായിട്ടുണ്ട്. മണ്ണിനെ സ്നേഹിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന കർഷകർ പ്രകൃതി ദ്രോഹികളാണെന്ന് സ്ഥാപിച്ചുകൊണ്ടുവരുന്ന റിപ്പോർട്ടുകളൊന്നും ആരും അംഗീകരിക്കില്ല. കർഷകർ അംഗീകരിക്കുകയില്ല, ഈ സമൂഹം അംഗീകരിക്കില്ല.

ബ്രസീലിലെ റിയോ ഭൗമ ഉച്ചകോടിയിൽവച്ച് ജൈവവൈവിദ്ധ്യ സംരക്ഷണത്തിന് പ്രതിബദ്ധത വ്യക്തമാക്കുന്നതിന് എത്രയോ നൂറ്റാണ്ടു

കൾക്കുമുമ്പ് ഇവിടെ മുത്തശ്ശിമാർ പറഞ്ഞു, 'കാവു തീണ്ടരുത് മക്കളെ, കുളം വറ്റും'. കാട്ടിൽ തൊട്ടുപോകരുതെന്നാണ്. നൂറ്റാണ്ടുകൾക്ക് മുമ്പ് ഏറ്റവും വലിയ പ്രകൃതി മുദ്രാവാക്യം വിളിച്ചത് നമ്മുടെ നാട്ടിൽനിന്നാണ്. യഥാർത്ഥത്തിൽ കർഷകർ പ്രകൃതിയുടെയും മണ്ണിന്റെയും പരിസ്ഥിതിയുടെയും സംരക്ഷകരും കാവൽക്കാരുമാണ്. നാടിന്റെ സാമ്പത്തിക സുരക്ഷയും ഭക്ഷ്യ സുരക്ഷയും കാക്കുന്നവരല്ലേ കർഷകർ. കേരളത്തിന്റെ പശ്ചിമഘട്ട മലനിരകൾ നശിക്കാനിടയാകരുത്. ഇരുപതാം പാർട്ടി കോൺഗ്രസ്സ് കോഴിക്കോട് ചേർന്നപ്പോൾ പരിസ്ഥിതി സംരക്ഷണത്തിനും പശ്ചിമഘട്ട സംരക്ഷണത്തിനുമാണ് ഏറ്റവും കൂടുതൽ പ്രാധാന്യം നൽകിയത്. അതുകൊണ്ട് നമ്മുടെ പശ്ചിമഘട്ട മലനിരകൾ നശിക്കാൻ ഇടയാകരുത്. ഏലത്തിന്റെയും കാപ്പിയുടെയും തേയിലയുടേയും മറവിൽ പതിനായിരക്കണക്കിന് ഏക്കർ പശ്ചിമഘട്ട മലനിരകൾ ആരെങ്കിലും കൈയേറിയിട്ടുണ്ടെങ്കിൽ വൻകിട കമ്പനിക്കാരായിരുന്നാലും അവർ കൈവശപ്പെടുത്താനുള്ള സാഹചര്യം നമ്മൾ പരിശോധിക്കേണ്ടതായിട്ടുണ്ട്. പശ്ചിമഘട്ടം സംരക്ഷിക്കണമെന്ന് എന്നും നമ്മെ ഓർമ്മപ്പെടുത്തിയിരുന്നത് കർഷകരും കർഷകത്തൊഴിലാളികളുമാണ്. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ, കസ്തൂരിരംഗൻ ഒരു പരിസ്ഥിതി ശാസ്ത്രജ്ഞനൊന്നുമല്ല. അദ്ദേഹത്തോട് റിപ്പോർട്ട് കൊടുക്കാനും പറഞ്ഞില്ല. ഇതിനകത്ത് എന്തെങ്കിലും ആശങ്കകളും കുറവുകളും ഉണ്ടെങ്കിൽ കർഷകരെ ബാധിക്കുന്നതുണ്ടെങ്കിൽ അത് പരിഹരിക്കുവാനുള്ള നിർദ്ദേശം സമർപ്പിക്കാൻ പറഞ്ഞ് കസ്തൂരിരംഗൻ സമർപ്പിച്ചിരിക്കുന്ന റിപ്പോർട്ട് നമ്മെ സംബന്ധിച്ച് ഒരിക്കലും അംഗീകരിക്കാൻ കഴിയാത്ത ഒരു റിപ്പോർട്ടാണ്. ഒരുപാട് പുരോഗമനാശയങ്ങൾക്കും കർഷകർക്കും

കർഷകത്തൊഴിലാളി പ്രസ്ഥാനങ്ങൾക്കും എന്നും മുൻതൂക്കം കൊടുത്തിട്ടുള്ള സംസ്ഥാനം എന്ന നിലയിൽ നമ്മൾ ഏറ്റവും കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്. ക്യാപ്പിറ്റൽസിന്റെ വ്യാപനം ഓരോ മേഖലയിലേക്കും കടന്നുപോയിക്കൊണ്ടിരിക്കുകയാണ്. അവർക്ക് മിനറൽസും മെറ്റൽസും മതി. എവിടെയെല്ലാം ചൂഷണം ചെയ്യാമോ അവിടെയെല്ലാം ചൂഷണം ചെയ്യുന്നതിനെതിരായി യോജിച്ചുനിന്നുകൊണ്ട് ആശങ്ക അകറ്റുന്നതിന് വേണ്ടിയുള്ള ശക്തമായ നിലപാടുണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. സുഖകരമായ പ്രകൃതിയും മഴയും കാറ്റും പുഴയും കടലും മരവും കേരളത്തെ ഒരു ബയോഡൈവേഴ്സിറ്റി ഗോൾഡ് സ്പോട്ടായി മാറ്റിയിരിക്കുകയാണ്. ഗുജറാത്തിൽനിന്ന് കന്യാകുമാരി വരെയുള്ള പശ്ചിമഘട്ട നിരകളെ നോക്കുമ്പോൾ അവിടെയെല്ലാം പുൽമേടുകളാണ്. ഇത്രയും മനോഹരമായ പ്രദേശമായതുകൊണ്ടാണ് ലോകത്തൊരു ഭാഗത്തുമില്ലാത്ത ആവാസ കേന്ദ്രമായി ഇവിടം മാറിയിരിക്കുന്നത്. നമ്മുടെ സംസ്ഥാനം പ്രകൃതിയുടെ വരദാനമാണ്. എത്രയോ നൂറ്റാണ്ടുകളായി കർഷകരും കർഷക ത്തൊഴിലാളികളും യോജിച്ചുനിന്ന് പശ്ചിമഘട്ടത്തെ സംരക്ഷിക്കുന്നു. ആഗോളവത്ക്കരണത്തിന്റെ പേരിൽ ഇറങ്ങിത്തിരിച്ചിരിക്കുന്ന മുതലാളിമാരുടെയും വൻകിടക്കാരുടെയും കൈയിലേക്ക് നമ്മുടെ പരിസ്ഥിതിയെയും പശ്ചിമഘട്ടത്തെയും തകർക്കത്തക്ക വിധമുള്ള മുദ്രാവാക്യം, ആശങ്ക.... ആശങ്ക.... എന്നുപറഞ്ഞുകൊണ്ട് ഈ മലകൾ മുവുവൻ വെട്ടിനിരത്താനും പരിസ്ഥിതിയെ മുഴുവൻ നശിപ്പിക്കാനും തകർക്കുന്നതിനുമുള്ള സാഹചര്യത്തിൽ, ഇരുപതാം പാർട്ടി കോൺഗ്രസ്സ് കഴിഞ്ഞ സ്ഥിതിക്ക് നമുക്ക് കൂട്ടു നിൽക്കാൻ കഴിയില്ല. ഞാൻ അത് വിനീതമായി ഓർമ്മിപ്പിക്കുകയാണ്. നമുക്ക് കൃഷിക്കാരെ സഹായിക്കണം ആശങ്ക അകറ്റണം, ഒരുമിച്ചുനിന്ന് മുൻപോട്ട് പോകണം. കേരളം

വളരെ ജനസാന്ദ്രതയുള്ള സംസ്ഥാനമാണ്. ഗ്രാമതലങ്ങളിൽ ബഹുജനസംഘടനകൾ ശക്തമായി പരിസ്ഥിതി ബോധനത്തിനും പ്രകൃതി സംരക്ഷണത്തിനും നേതൃത്വം നൽകുന്നുണ്ട് രാഷ്ട്രീയ പ്രസ്ഥാനങ്ങളും യുവജന സംഘടനകളും ബോധവത്ക്കരണത്തിന്റെ കാര്യത്തിൽ, പ്രകൃതിസംരക്ഷണത്തിന്റെ കാര്യത്തിൽ പിന്നിലല്ല. ഈ രണ്ട് റിപ്പോർട്ടുകളുടെ പേരിലുള്ള ആശങ്ക ബഹുമാനപ്പെട്ട മുഖ്യമന്ത്രി പലപ്പോഴും ഇവിടെ ചൂണ്ടികാണിച്ചിട്ടുള്ളതുപോലെ ഇതൊരു മത്സര വേദിയാക്കി..... എനിക്കറിയാം രണ്ട് മാസം കഴിയുമ്പോഴുള്ള തെരഞ്ഞെടുപ്പ് മുന്നിൽ കണ്ടുകൊണ്ട്..........എത്രയോ വർഷമായി ഇന്ത്യയ്ക്കാകെ മാതൃകയായ പച്ചപ്പ് നിറഞ്ഞ ഈ സംസ്ഥാനം സംരക്ഷിച്ചുപോന്ന നമ്മുടെ മലനിരകളും പശ്ചിമഘട്ടവും സംരക്ഷിച്ചുതന്നെ മുൻപോട്ട് പോകണം. ഇത് സുപ്രീം കോടതി വിധിയല്ല. അങ്ങ് ഇവിടെ ചൂണ്ടിക്കാണിച്ചു. ഇരുപതാം തീയതിയിലെ മെമ്മോറാണ്ടമാണോ? ഇതൊരു നിർദ്ദേശം മാത്രമാണ്. ഇത് ജനാധിപത്യപരമല്ലെങ്കിൽ കർഷക ദ്രോഹമാണെങ്കിൽ, കേന്ദ്രഭരണകൂടത്തിന്റെ പ്രതിനിധികളും സംസ്ഥാന മുഖ്യമന്ത്രിയും ചൂണ്ടിക്കാണിച്ചതുപോലെ നിശ്ചമായും ഇതിന് പരിഹാരം ഉണ്ടാക്കാൻ കഴിയും. റെഡ് കാറ്റഗറി വ്യവസായം എന്ന് പറഞ്ഞുകൊണ്ട്, ഇവിടെ പശുവിനെ വളർത്താൻ പാടില്ല, മൂന്നാറിലൊന്നും ആശുപത്രി കെട്ടാൻ പാടില്ല ഇങ്ങനെയുള്ള നിർദ്ദേശങ്ങൾ ആരും അംഗീകരിക്കുകയില്ല. ഭൂമിയിൽ എല്ലാ ജീവജാലങ്ങൾക്കും ജീവിക്കാൻ ആവശ്യമായ വിഭവങ്ങളുണ്ട്. അതുപക്ഷേ ആരുടെയും അത്യാഗ്രഹത്തിന് തികയുകയില്ല. ഗാന്ധിജിയുടെ വാക്കുകളാണ് ഞാൻ ഇവിടെ പറഞ്ഞത്. ആർഭാടത്തിനും അത്യാഗ്രഹത്തിനുംവേണ്ടി പരിസ്ഥിതിയെ സംരക്ഷിക്കുന്നത് നമ്മൾ അംഗീകരിക്കുകയില്ല. ഒരു കർഷകനെപ്പോലും ഇറക്കിവിടുന്ന ഒരു കർഷകനെപ്പോലും ദ്രോഹിക്കുന്ന......... ക

ഴിഞ്ഞ എത്രയോ വർഷക്കാലമായി നമ്മുടെ സംസ്ഥാനത്ത് കർഷക കൂട്ടായ്മ യിലൂടെ ഇവിടത്തെ ഉത്പാദന മേഖലയിൽ ഇവിടത്തെ സംസ്കാരത്തിന്റെ ഭാഗമായി ജീവിച്ചുവന്നവർക്ക് അതേപടി മുന്നോട്ട് പോകാൻ ആവശ്യമായ നടപടി സ്വീകരിക്കുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും രാജ്യം ഭരിക്കുന്ന ഗവൺമെന്റും പ്രതിജ്ഞാബദ്ധമാണ്. ഈ പ്രമേയത്തിന്റെ ഉള്ളടക്കത്തോട് ഞാൻ യോജിക്കുന്നു.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, ആറ് സംസ്ഥാനങ്ങളിലായി 4186 വില്ലേജുകളെ ഇ.എസ്.എ. ആയി പ്രഖ്യാപിച്ചിട്ടുണ്ട്. 46 ലക്ഷം ജനങ്ങൾ പശ്ചിമഘട്ടിത്തിൽത്തന്നെ അധിവസിക്കുന്നുണ്ടെന്നാണ് കണക്ക്. 27 ലക്ഷം ആളുകൾ കേരളത്തിലെ 123 വില്ലേജുകളിലാണ്. അതിൽ 15 ലക്ഷം പേർ ഇടുക്കിയിലാണെന്നുള്ളതാണ് വസ്തുത. പരിസ്ഥിതി സംരക്ഷകർ രണ്ടായി തിരിഞ്ഞ് കലഹിക്കുകയാണ്. പരിസ്ഥിതി ശാസ്ത്രജ്ഞനായ മാധവ് ഗാഡ്ഗിലിന്റെ റിപ്പോർട്ടാണോ ശരി വാനനിരീക്ഷണ ശാസ്ത്രഞ്ജ്ജനായ കസ്തൂരിരംഗന്റെ റിപ്പോർട്ടാണോ ശരി എന്ന കാര്യത്തിൽ ആളുകൾ തർക്കി ക്കുമ്പോൾ കൃഷിക്കാർക്ക് അതിന്റെ ഭാഗമാകാൻ താത്പര്യമില്ല. ഗ്രീൻ ട്രിബ്യൂണലിൽ കേന്ദ്ര സർക്കാരിനുവേണ്ടി ഹാജരായ അഡ്വക്കേറ്റ് പറഞ്ഞത് മാധവ് ഗാഡ്ഗിൽ റിപ്പോർട്ട് ഇപ്പോൾ ഗവൺമെന്റിന്റെ പരിഗണനയിലില്ല, കസ്തൂരിരംഗൻ റിപ്പോർട്ട് മാത്രമാണ് ഗവൺമെന്റിന്റെ മുൻപിലുള്ളതെ ന്നാണ്. കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ഉത്തരവും കസ്തൂരിരംഗൻ റിപ്പോർട്ടിനെ അടിസ്ഥാനമാക്കി മാത്രമാണ്. ആ ഉത്തരവ് ഇപ്പോഴും നിലനിൽക്കുന്നു എന്നതാണ് വസ്തുത. തെക്ക് കന്യാകുമാരി മുതൽ വടക്ക് ഗുജറാത്തിലെ താപ്തി താഴ്‌വര വരെ നീണ്ടുകിടക്കുന്ന വിസ്തൃത മേഖല

യാണ് പശ്ചിമഘട്ടം. 1490 കി.മീറ്റർ നീളവും 48 മുതൽ 210 കിലോമീറ്റർ വിസ്തൃതിയും ഇതിനുണ്ട്. 28 കോടിയോളം ജനങ്ങൾ പശ്ചിമഘട്ടത്തെ കുടിവെള്ളത്തിനും ജലസേചനത്തിനും ആശ്രയിക്കുന്നുണ്ട്. പശ്ചിമഘട്ട ത്തിന്റെ നിലനിൽപ്പ് 28 കോടി ജനങ്ങളുടെ നിലനിൽപ്പിന് മാത്രമല്ല. ഭൂമിയിൽ നിലനിൽക്കുന്ന സൂക്ഷ്മ ജീവികൾ മുതൽ കരയിലെ വലിയ ജീവിയായ ആനയും കടലിലെ വലിയ ജീവിയായ തിമിംഗലത്തിന്റെയും ഭൂമിയുടെയും നിലനിൽപ്പിന് അനിവാര്യമാണെന്ന ഉത്തമ ബോധ്യം ഞങ്ങൾക്കുണ്ട്. സർവൈവൽ ഓഫ് ദ ഫിറ്റസ്റ്റ് തിയറി ഇന്ന് കാലഹരണപ്പെട്ടിട്ടുണ്ട്. ഇന്ന് ആധുനിക മനുഷ്യസമൂഹം ചിന്തിക്കുന്നത് ഇതിലും വ്യത്യസ്തമായിട്ടാണ്. മനുഷ്യനെന്ന ജീവിയുടെ ഭൗതിക നിലവാരം ഉന്നതമാണെന്ന് മനസ്സിലാ ക്കാൻ അന്യംനിന്നുപോകുന്ന ജീവികളുടെ പ്രത്യേക സംരക്ഷണംമുതൽ പൂക്കൾക്കും പക്ഷികൾക്കുംവരെ സാങ്ച്വറികൾ പ്രഖ്യപിക്കുമ്പോൾ മനുഷ്യൻ അവന്റെ സ്വാർത്ഥതയുടെ പരിമിതിയിൽനിന്നും മുക്തനാകുന്നു, സഹജീവികളെ സമാനതയോടെ കാണുന്നുണ്ട്. ഈ പ്രപഞ്ചത്തിൽ നിരവധി സൂര്യൻമാരുണ്ടെന്ന് ശാസ്ത്രസമൂഹം കരുതുന്നു. കോടാനുകോടി നക്ഷത്ര ങ്ങളും ഭൂമിക്ക് സമാനമായി ജീവനുള്ള മറ്റ് ഗ്രഹങ്ങൾ ഈ പ്രപഞ്ചത്തി ലുണ്ടോ എന്ന അന്വേഷണത്തിലാണ് ശാസ്ത്ര സമൂഹം. ഇപ്പോൾ ഇല്ലെ ങ്കിലും എതെങ്കിലും ഗ്രഹങ്ങളിൽ ജീവ സാധ്യതയുണ്ടോ. ചൊവ്വയിലേക്ക് നമ്മൾ അയച്ച മംഗൾയാന്റെയും ദൗത്യം മറ്റൊന്നല്ല. ഭൂമിയുടെ നില നിൽപ്പിന്റെ ഉത്തരവാദിത്തം വരാൻ പോകുന്ന തലമുറയ്ക്കുള്ള നമ്മുടെ സമ്മാനമാണ്. പ്രതികൂലമായ കാലാവസ്ഥയിലും ഭക്ഷ്യക്ഷാമത്തിലും അന്യം നിന്നുപോയ മനുഷ്യൻ മുതൽ ദിനോസറുകൾ വരെയുള്ളവയുടെ ചരിത്രം

മ്യൂസിയങ്ങളിൽ പ്രദർശിപ്പിക്കുമ്പോൾ കാഴ്ചയ്ക്കപ്പുറം അത് നൽകുന്ന ഒരു വലിയ സന്ദേശം ജീവന്റെ നിലനിൽപ്പ് മനുഷ്യന്റെ ഉത്തരവാദിത്തമാണ്. പ്രകൃതിയുടെ നിലനിൽപ്പിന് മനുഷ്യന്റെ സേവനം ആവശ്യമില്ല. എന്നാൽ മനുഷ്യന്റെ നിലനിൽപ്പിന് പ്രകൃതിയുടെ സേവനം ആവശ്യമാണ്. അന്ധമായ വികസന കാഴ്ചപ്പാടുകൾ ആരാണ് വിഭാവനം ചെയ്തത്? ആരാണ് കുറ്റക്കാർ? തെറ്റ് ചെയ്തവർ തെറ്റ് തിരുത്തുവാൻ തയ്യാറാകണം. തെറ്റ് ചെയ്യുന്നവർ വിധികർത്താക്കളായി, അവർ ചെയ്യുന്ന തെറ്റിന്റെ ശിക്ഷ പശ്ചിമഘട്ടത്തിൽ ദൗർഭാഗ്യവശാൽ താമസിക്കേണ്ടിവന്ന കൃഷിക്കാരുടെ മേൽ കെട്ടിവച്ച് വിധി പറയുന്ന സമീപനം ഉചിതമല്ല.

2012 ജൂൺ 24 മുതൽ ജൂലായ് 04 വരെ റഷ്യയിലെ സെന്റ് പീറ്റേഴ്സ്ബെർഗിൽ കൂടിയ യുനെസ്കോയുടെ ലോക പൈതൃക കമ്മിറ്റിയുടെ 36-ാമത് സമ്മേളനത്തിൽ, ജൂലായ് 1-ന് രാത്രി ഒരു മണിക്ക് കസ്തൂരി രംഗൻ റിപ്പോർട്ടുമായി ബന്ധപ്പെട്ട ധാരണാപത്രം ഒപ്പുവച്ചു. ധാരണകൾ ഒരു വേദിയിലും ചർച്ച ചെയ്തില്ല. ജനപ്രതിനിധികൾ ഇത്തരം ചർച്ചകൾക്ക് പുറത്താണ്, അവർ അന്യമാണ്. മാധവ് ഗാഡ്ഗിൽ-കസ്തൂരിരംഗൻ റിപ്പോർട്ടുകൾ ഏറെ വിവാദങ്ങൾക്കും കോലാഹലങ്ങൾക്കും വഴിവച്ചുവെങ്കിലും പൊതുസമൂഹം ഈ വിഷയം ചർച്ച ചെയ്യാൻ തയ്യാറായി എന്നുള്ളത് ഏറെ സന്തോഷകരമാണ്. 2010-ൽ പാരീസിൽ നടന്ന ചർച്ചയിൽ പങ്കെടുത്തവർ ആരാണ് എന്നുള്ളത് പ്രത്യേകമായി പരിശോധിക്കപ്പെടേണ്ടതാണ്. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാജ്യമായ ഇന്ത്യയിൽ ഒരു ജനപ്രതിനിധിയും ഇത്തരം ചർച്ചകളുടെ ഭാഗമാകുന്നില്ല. പശ്ചിമഘട്ട പഠന റിപ്പോർട്ടുകൾ മുൻകാലങ്ങളിലും ഉണ്ടായിട്ടുണ്ട്. നിരവധി ആക്ടു

കളും ഇതിന് പിൻബലമായി നമുക്കുണ്ട്. ആ ആക്ടുകളുടെയും നിയമങ്ങളുടെയും അടിസ്ഥാനത്തിലാണ് വനങ്ങളും പരിസ്ഥിതിയും സംരക്ഷിക്കപ്പെടേണ്ടതെന്ന ആശയം നമ്മൾ മറന്നുപോകരുത്. നല്ല പായസമാണ്, വിളമ്പിയത് കോളാമ്പിയിലാണ് എന്നുള്ളതുകൊണ്ട് അത് മനുഷ്യൻ കഴിക്കാതെ തിരസ്ക്കരിക്കുന്ന സാഹചര്യമാണ് നമ്മുടെ മുൻപിലുണ്ടായത്. ജനദ്രോഹപരമായ വിഷയങ്ങൾ ഒഴിവാക്കി നിയസഭയിലെ മുഴുവൻ എം.എൽ.എ. മാരും മാധവ് ഗാഡ്ഗിൽ റിപ്പോർട്ട് ചർച്ചചെയ്ത് നടപ്പാക്കണമെന്ന പ്രമേയം പാസ്സാക്കി. മലയോര എം.എൽ.എ മാരും ആ പ്രമേയത്തെ പിന്തുണച്ചവരാണ്. കസ്തൂരിരംഗൻ തെളിവെടുപ്പിന് വന്നപ്പോഴും അതിനോട് സഹകരിച്ചു. എം.എൽ.എ മാരായ വി.ഡി സതീശൻ കമ്മിറ്റിയും ടി. എൻ. പ്രതാപൻ കമ്മിറ്റിയും എം. ഷംസുദീൻ കമ്മിറ്റിയും വന്നപ്പോഴും ഉമ്മൻ വി. ഉമ്മൻ കമ്മിയോടും സഹകരിച്ചവരാണ്. ലോക മുതലാളിത്ത രാജ്യങ്ങളുടെ ആർഭാടത്തിന്റേയും ഹൂർത്തിന്റേയും പരിണിതഫലമായി ഓസോൺ പാളികളിലെ വിള്ളൽ പരിഹരിക്കാൻ വികസിത രാജ്യങ്ങൾ വികസ്വര രാജ്യങ്ങളിലെ നിഷ്കളങ്കരായ മനുഷ്യരെ നാണയത്തുട്ടുകൾ കൊടുത്ത് വിലയ്ക്കുവാങ്ങി അപരിഷ്കൃതരായി ജീവിക്കുവാൻ നിർബന്ധിക്കുന്ന പരിഷ്കൃത സമൂഹത്തിന്റെ പൊള്ളത്തരം പുറത്ത് വരികതന്നെ വേണം. നമ്മുടെ രാജ്യത്തെ എത്ര എൻ.ജി.ഒ.-കൾ ലോക മുതലാളിമാരുടെ നക്കാപിച്ചാ കൈപ്പറ്റിയെന്ന് വ്യക്തമാക്കണം. ലോകത്തിന് ഭാരത സംസ്കാരം നൽകിയ മഹത്തായ സന്ദേശമാണ് ലോകാ സമസ്താ സുഖിനോ ഭവന്തു എന്ന് പറയുന്ന സന്ദേശം. ഞാൻ ദീർഘിപ്പിക്കുന്നില്ല. പശ്ചിമഘട്ട സംരക്ഷണം മനുഷ്യർക്ക് വേണ്ടിയാകണം എന്ന സന്ദേശമാണ്. ഒരു കൃഷിക്കാരനും സ്വന്തമായി കീടനാശിനിയോ വളമോ ഉണ്ടാക്കുന്നില്ല. കൃഷിക്കാരന് പട്ടയം കൊടുക്കുന്നതി

നുള്ള സമീപനമുണ്ടാകണം. നിലവിലുള്ള പൊതുതാല്പര്യ പ്രകാരം പട്ടയം കൊടുക്കുന്നതിനുപകരമായി നിയമപ്രകാരം മനുഷ്യന് പശ്ചിമഘട്ടത്തിൽ ജീവിക്കുന്ന ആളുകൾക്ക് മണ്ണിൽ അധ്വാനിക്കുന്ന കൃഷിക്കാരന് പട്ടയം കൊടുക്കുന്നതിനുള്ള ഒരു സമീപനം ഗവൺമെന്റിന് ഉണ്ടാകണമെന്നുള്ള താണ് നിർദ്ദേശം. എൽ.ഡി.എഫോ, യു.ഡി.എഫോ അല്ല കൃഷിക്കാരുടെ പ്രതിഷേധങ്ങൾക്ക് നേതൃത്വം കൊടുക്കുന്നത്. കൃഷിക്കാരുടെ പ്രതിഷേധ ങ്ങൾ സ്വമേധയാ പൊട്ടിപുറപ്പെടുന്നതാണ്. അവർ ജനാധിപത്യത്തോടുള്ള ജനങ്ങളുടെ വിശ്വാസം നഷ്ടപ്പെട്ടുവെന്ന് പറയുന്നത് ജനാധിപത്യ സംവിധാ നങ്ങളുടെ നിലനിൽപ്പിനെ ബാധിക്കും എന്നുള്ളതുകൊണ്ട് അപ്രായോഗിക മായ നിർദ്ദേശങ്ങൾ പിൻവലിച്ചുകൊണ്ട് കസ്തൂരിരംഗൻ റിപ്പോർട്ടായാലും മാധവ് ഗാഡ്ഗിൽ റിപ്പോർട്ടായാലും നടപ്പിലാക്കണമെന്ന അഭിപ്രായമാണ് ഞങ്ങൾക്കുള്ളത്. മാധവ് ഗാഡ്ഗിലിനെ കല്ലെറിഞ്ഞ് കൊല്ലണമെന്നോ, കസ്തൂരിരംഗനെ തൂക്കിക്കൊല്ലണമെന്നോ ഉള്ള അഭിപ്രായമല്ല. മാധവ് ഗാഡ്ഗിൽ-കസ്തൂരിരംഗൻ റിപ്പോർട്ടുകളിൽപ്പറയുന്ന നല്ല വശങ്ങൾ ഞങ്ങൾ ഉൾക്കൊള്ളുന്നു. ജനദ്രോഹപരമായ വശങ്ങളെ ഒഴിവാക്കിക്കൊണ്ട് മാധവ് ഗാഡ്ഗിൽ കസ്തൂരിരംഗൻ റിപ്പോർട്ടുകൾ നടപ്പിലാക്കണം. കൃഷിക്കാരെ ഉപ ദ്രവിക്കുന്ന സമീപനങ്ങളിൽനിന്നും പിൻവാങ്ങണമെന്ന അഭ്യർത്ഥനയാണ് ഈ വിഷയങ്ങളിലുള്ളത്. ജനങ്ങളെ അംഗീകരിച്ചുകൊണ്ട് ജനങ്ങളെ വിശ്വാ സത്തിലെടുത്തുകൊണ്ട് പശ്ചിമഘട്ടത്തിൽ ജീവിക്കുന്ന കൃഷിക്കാരെ പ്രതിസ്ഥാനത്ത് നിർത്താതെ അവരെ വിശ്വാസത്തിലെടുക്കുന്ന പദ്ധതികളാ കണം നടപ്പിലാക്കേണ്ടത്.

ശ്രീ. സി. മോയിൻകുട്ടി: സർ, കസ്തൂരിരംഗൻ റിപ്പോർട്ടുമായി ബന്ധ പ്പെട്ട് ഇരുഭാഗത്തുനിന്നും ഉയർന്നുവന്നിട്ടുള്ള ആശങ്കകൾ അത്യന്തം ഭീതിജ

നകമാണ്. ആ ആശങ്കയിൽ ഞാനും പങ്ക് ചേരുകയാണ്. ഞാൻ ഒരു സ്ഥിതിവിവരക്കണക്കും സൂചിപ്പിക്കുന്നില്ല. മലയോര-കുടിയേറ്റ മേഖലയിൽ നിന്നും വരുന്ന ഒരു സാധാരണ കർഷകൻ എന്നുള്ളനിലയിൽ എന്റെ വികാരമാണ് ഞാൻ ഇവിടെ പങ്ക് വയ്ക്കുന്നത്. എന്റെ മണ്ഡലത്തിൽ 40 ശതമാനത്തലേറെ കുടിയേറ്റക്കാരാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ശ്രീ. കെ. എം. മാണിയുടെയും നാട്ടിൽനിന്നും വന്നവരാണ് ഇവർ. ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത് ശരിയാണ്, അവിടെ അറസ്റ്റ് നടന്നുകൊണ്ടിരിക്കുകയാണ്. വളരെ ഭീതിജനകമായ ഒരു അവസ്ഥാവിശേഷമാണ് അവിടെയുള്ളത്. അതുകൊണ്ട് സ്ഥിതിവിവര കണക്കിലേയ്ക്കല്ല, നാല്പതുകളിലും അൻപതുകളിലും കടന്നുവന്നിട്ടുള്ള കർഷകൾ എല്ലാ പ്രതിസന്ധികളെയും പ്രതികൂല സാഹചര്യങ്ങളെയും മറികടന്നാണ് ഇന്നത്തെ സാഹചര്യത്തിലെത്തിയിട്ടുള്ളത്. രോഗങ്ങൾ, കാട്ടുമൃഗങ്ങൾ, വിലത്തകർച്ച, കാലാവസ്ഥാ വ്യതിയാനം ഇങ്ങനെയുള്ള പ്രശ്നങ്ങൾ മറികടന്ന് കർഷകർ ചെറിയ തോതിലൊന്നു പച്ചപിടിച്ചുവരുന്ന സന്ദർഭത്തിലാണ് ഇടി വെട്ടിയവനെ പാമ്പ് കടിച്ചു എന്ന രൂപത്തിൽ കസ്തൂരിരംഗൻ റിപ്പോർട്ടുമായി വന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രധാനമന്ത്രിയും സോണിയാജിയുമടക്കം എല്ലാവരും ഉറപ്പു നൽകി. ഭീതി ജനകമായ അവസ്ഥ തുടരുകയാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട് നവംബർ 13-ാം തീയതി ഡർബാർ ഹാളിൽ ഒരു മീറ്റിംഗ് വിളിച്ചു. ആ മീറ്റിംഗിൽ എല്ലാവരും ഒരേ വികാരത്തോടും ഒരേ ശബ്ദത്തോടും ഒരേ പ്രതികരണത്തോടെ കക്ഷിരാഷ്ട്രീയത്തിനതീതമായി ശക്തമായ ഭാഷയിൽ ഒന്നിച്ചുനിന്നു. മൂന്നംഗ കമ്മീഷൻ തെളിവെടുപ്പ് നടത്തിയതിനുശേഷം ജനവികാരം മാനിച്ച് ഗ്രാമപഞ്ചായത്തുകളെ വിശ്വാസത്തിലെടുത്തശേഷം മാത്രമേ ഇത് നടപ്പിലാക്കുകയുള്ളൂവെന്ന് അവിടെവച്ച് പറഞ്ഞു. ഇവർ രണ്ട്

സിറ്റിംഗ് എന്റെ മണ്ഡലത്തിൽ നടത്തി. ആ രണ്ട് സിറ്റിംഗിൽ ആയിരങ്ങളാണ് പങ്കെടുത്തത്. മറിച്ച് ഒരു ശബ്ദവും അവിടെ ഉണ്ടായിട്ടില്ല. അതുകഴിഞ്ഞ് ഞങ്ങൾ തിരിച്ചുപോകുകയാണ്. 14-ാം തീയതിയാണ് കസ്തൂരിരംഗൻ റിപ്പോർട്ടുമായി ബന്ധപ്പെട്ട വിജ്ഞാപനം പുറത്തുവരുന്നത്. അതിനെത്തുടർന്ന് കലാപങ്ങളും സങ്കർഷങ്ങളും പ്രശ്നങ്ങളുമുണ്ടായി. വമ്പിച്ചതോതിൽ ജനരോഷം ആളിക്കത്തി. നഷ്ടങ്ങളുണ്ടായി. ഒരു സംശയവുമില്ല. പൊതുമുതൽ നഷ്ടപ്പെട്ടു. ഇതൊന്നും ന്യായീകരിക്കാൻ ഞാനാളല്ല. പക്ഷെ ആത്മഹത്യ ചെയ്യുന്നവൻ അവന്റെ തുട മാന്തിപ്പൊളിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. അതുപോലെ ആത്മഹത്യയുടെ മുനമ്പിലേക്ക് എടുത്തുചാടിയിട്ടുള്ള പാവപ്പെട്ട കർഷകൻ ചിലതൊക്കെ കാട്ടികൂട്ടിയിട്ടുണ്ട്. ഞാൻ ന്യായീകരിക്കുന്നില്ല. അവർ നിരന്തരമായി അറസ്റ്റിനെ നേരിട്ടുകൊണ്ടിരിക്കുകയാണ്. അർദ്ധരാത്രിപോലും അറസ്റ്റ് നടക്കുകയാണ്. നിയമവാഴ്ച നിലനിൽക്കുന്ന ഒരു സംസ്ഥാനത്ത് ഇതൊന്നും വേണ്ടന്നല്ല പറയുന്നത്. പക്ഷെ ആരെ വേണമെങ്കിലും ഹാജരാക്കിക്കൊടുക്കാമെന്നുള്ള സബ്മിഷൻ ഞാൻ അവതരിപ്പിച്ചു. അതിന് പരിഹാരമുണ്ടായിട്ടില്ല. ഫോറസ്റ്റ് ഓഫീസും കത്തിച്ചു ചാമ്പലാക്കി. ശരിയാണ്, ഇതൊന്നും ന്യായീകരിക്കുന്നില്ല. രാഷ്ട്രീയ പ്രേരിതമായിട്ടുള്ള അന്വേഷണം വേണമെന്ന് ബഹുമാനപ്പെട്ട എന്റെ സുഹൃത്ത് കെ. കുഞ്ഞമ്മത് മാസ്റ്റർ പറഞ്ഞു. ഞാൻ പറയുന്നു ശക്തമായ അന്വേഷണം വേണം. അതിന് പിന്നിലുള്ള ഏത് കള്ളക്കളിയും കണ്ടുപിടിക്കപ്പെടണം. ഒരു വിട്ടുവീഴ്ചയും ചെയ്യാൻ പാടില്ല. ഇവിടെ ഞാൻ സൂചിപ്പിക്കുന്നു നാല്പത്തിയഞ്ച്-അൻപതോളം ആളുകളെ അറസ്റ്റ് ചെയ്തു. ഇന്നലെയും അറസ്റ്റ് തുടരുകയാണ്. അതുകൊണ്ട് അടിയന്തരമായി ആരെയാണോ അറസ്റ്റ് ചെയ്യേണ്ടത് അവരുടെ ലിസ്റ്റ് തരാൻ തയ്യാറാകണമെന്നാണ് എനിക്ക്

പറയാനുള്ളത്. മറ്റൊരുകാര്യം എനിക്ക് പറയാനുള്ളത് ഈ ആശങ്ക വന്നതിനുശേഷം ആ മേഖല പരിപൂർണ്ണമായും മരവിച്ചുകിടക്കുകയാണ്. ക്രയവിക്രയം നടക്കുന്നില്ല. ഉദ്യോഗസ്ഥന്മാരുടെ പീഡനം. ഇതുവഴി മുതലെടുക്കാൻ വേണ്ടിയിട്ടുള്ള ഉദ്യോഗസ്ഥന്മാരുടെ കുടില ബുദ്ധികൾ. രജിസ്ട്രേഷൻ നടക്കുന്നില്ല. കൊച്ചു മരങ്ങളടക്കം മുറിച്ചുവിൽക്കുകയാണ്. ഒരുപാട് പ്രശ്നങ്ങൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. വീട് വയ്ക്കാൻ സാധിക്കാത്ത സാഹചര്യമുണ്ട്. ചുരുക്കിപ്പറഞ്ഞാൽ പെൺകുട്ടികളെ കെട്ടിച്ചയയ്ക്കാൻ പോലും മടിക്കുകയാണ്. പണ്ട് നാദാപുരത്ത് ഉണ്ടായ സംഭവം.... ഇപ്പോൾ നമ്മുടെ നാട്ടിലാണ്. അതുകൊണ്ട് എനിക്ക് പറയാനുള്ളത് ജയന്തി നടരാജനും വീരപ്പമൊയ്‌ലിയും നൽകിയ എല്ലാ ഉറപ്പുകളും നൂറുശതമാനം ഞങ്ങൾ അംഗീകരിക്കുന്നു. പക്ഷെ ശങ്കരൻ തെങ്ങിന്മേൽ തന്നെ. ഭീതി നിലനിൽക്കുകയാണ്. ആ ഭീതി തുടച്ചുനീക്കുന്നതിനുവേണ്ടി ഇവിടെ എന്തുചെയ്യും? ഡിസംബർ 28-ാം തീയതി ഹരിത ട്രൈബ്യൂണലിന്റെ മുൻപിൽ വന്നിട്ടുള്ള പ്രസ്താവന..... വക്കീലന്മാർ ആരുടെ വക്കീലാണ്. നമ്മുടെ ഭരണകൂടത്തിന്റെ വക്കീലാണ്. വായിൽ തോന്നിയത് കോതയ്ക്ക് പാട്ട് എന്ന് പറയാനല്ല അവർ. കേന്ദ്ര സർക്കാരിന്റെ നയം, കേരളത്തിന്റെ നയം, പഞ്ചായത്തിനെ വിശ്വാസത്തിലെടുത്തുകൊണ്ട് പഞ്ചായത്ത് ജനപ്രതിനിധികളുൾപ്പെടെയുള്ള ആളുകളുടെ തെളിവെടുപ്പിന്റെ ഭാഗമായി സ്വീകരിക്കാൻ പോകുന്ന നടപടിക്രമങ്ങൾ ഇതൊക്കെ അറിഞ്ഞതിനുശേഷമാണ് ഇതിനൊക്കെ എതിരായി നമ്മുടെ വക്കീലന്മാർ പറഞ്ഞിട്ടുള്ളത്. അതുകൊണ്ട് ആ റിപ്പോർട്ട് പരിപൂർണ്ണമായും അംഗീകരിച്ചുകൊണ്ട് കസ്തൂരിരംഗൻ റിപ്പോർട്ട് ഒരുകാരണവശാലും അംഗീകരിക്കാതെ ഈ രാജ്യത്തെ കർഷകരെ ആത്മഹത്യാ മുനമ്പിൽ നിന്നും രക്ഷിക്കണം. അതിനാവശ്യമായ ശക്തമായ നടപടി സ്വീകരിക്കണം.

ഇവിടെ ഭരണകക്ഷിയും പ്രതിപക്ഷവുമില്ല. അല്പമൊക്കെ രാഷ്ട്രീയം കയറിയിട്ടുണ്ടെങ്കിലും അപ്പുറത്തും ഇപ്പുറത്തും ഒരേ വികാരമാണ്. അതുകൊണ്ട് ഒറ്റ വാക്കേ എനിക്ക് പറയാനുള്ളൂ. സഭ ഒരേ ശബ്ദത്തിൽ ഒറ്റക്കെട്ടായി ഒന്നിച്ചുനിന്നുകൊണ്ട് കർഷകരെ രക്ഷിക്കണം. ഞാനും കർഷകനാണ്. അതുകൊണ്ട് ഇവിടെ രണ്ടുശബ്ദമില്ല. ആരും പരിസ്ഥിതിക്ക് എതിരല്ല. എല്ലാവരും പരിസ്ഥിതി വാദികൾ തന്നെയാണ്. പക്ഷെ മനുഷ്യനെക്കാൾ വലുതല്ല കർഷകൻ. അതുകൊണ്ട് ഒരു കർഷകനെയെങ്കിലും കുടിയിറക്കിയാൽ ഒരു ജനപ്രതിനിധി എന്ന നിലയിൽ ഇവിടെ തുടരാൻ എനിക്ക് ബുദ്ധിമുട്ടുണ്ട്. അതോടൊപ്പം ഒരു കർഷകൻ സ്വമേധയാ കുടിയിറങ്ങിപ്പോകേണ്ട സാഹചര്യം നമ്മുടെ ഭരണകൂടമുണ്ടാക്കിയാൽ ആ കർഷകനോടൊപ്പം മാത്രമേ എനിക്ക് നിൽക്കാൻ സാധിക്കൂ എന്ന് ഒരിക്കൽകൂടി ഊന്നിപ്പറഞ്ഞുകൊണ്ട് ഒരു കാരണവശാലും കസ്തൂരിരംഗൻ റിപ്പോർട്ട് ഇവിടെ അംഗീകരിക്കാൻ പാടില്ല. ഗൗരവകരമായി ഈ വിഷയത്തെ ആലോചിക്കണം. ഇവിടെ പക്ഷമില്ല. ഒരു പക്ഷം മാത്രമാണുള്ളത്. ആ ഒരു പക്ഷം സഭ ഒറ്റക്കെട്ടായി, ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ്, കെ.പി.സി.സി. പ്രസിഡന്റ്, കുഞ്ഞാലിക്കുട്ടി അടക്കമുള്ള എല്ലാവരും കഴിയുമെങ്കിൽ ഇന്നുതന്നെ പോയി അന്തിമമായി ഒരു ഫുൾ സ്റ്റോപ്പ് ഈ രംഗത്ത് ഉണ്ടാക്കണം. ഇനിയും ഇതൊരു ചർച്ചാവിഷയമാക്കരുത്. കർഷകരെ രക്ഷിക്കണം. ഇവിടെ കക്ഷിയില്ല, രാഷ്ട്രീയമില്ല ഒരു ശബ്ദം മാത്രമാണ്. ആ വികാരം അത് അർഹിക്കുന്ന ഗൗരവത്തോടുകൂടി ഉൾക്കൊള്ളണമെന്ന് അപേക്ഷിക്കുകയാണ്.

ശ്രീ. ജോസ് തെറ്റയിൽ : സർ, ആശങ്കയുടെ നിഴലിലാണ് നമ്മളെല്ലാവരും നിൽക്കുന്നത്. ഗവൺമെന്റ് പറയുന്നതൊന്ന്, ആളുകൾ ചിന്തിക്കുന്നത് വേറൊന്ന്. ജനങ്ങൾ ആകെക്കൂടി ആശങ്കയിലാണ്. പരിസ്ഥിതിയുടെ നിയമങ്ങളും ധർമ്മങ്ങളും തത്വങ്ങളുമെല്ലാം ആദരിക്കുന്ന സമ്പദ് വ്യവസ്ഥയിൽ മാത്രമേ സുസ്ഥിരമായ സമ്പദ് വ്യവസ്ഥയുണ്ടാകൂവെന്ന് വിശ്വസിക്കുന്നവരാണ് ഞങ്ങളെല്ലാവരും. എന്റെ നിയോജകമണ്ഡലം രണ്ട് ഫോറസ്റ്റ് ഡിവിഷനുകളുടെ കീഴിൽവരുന്നതാണ്. അതിനോട് ചേർന്നുവരുന്ന ആളുകളുടെ ആശങ്ക നിസ്സാരമല്ല. ഇക്കോണമി എൻവയോൺമെന്റിന്റെ ഭാഗമാണോ എൻവയോൺമെന്റ് ഇക്കണോമിയുടെ ഭാഗമാണോയെന്ന ചോദ്യമാണ് നമ്മുടെ മുമ്പിലുള്ളത്. യുണൈറ്റഡ് നേഷൻസിന്റെ നിർദ്ദേശങ്ങളനുസരിച്ചാണ് ഗാഡ്ഗിൽ കമ്മിറ്റി വന്നത്. പരിസ്ഥിതിലോല മേഖലകൾ നശിക്കാനിടയാകരുതെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് ഗാഡ്ഗിൽ കമ്മിറ്റി വന്നത്. പക്ഷേ, ഇക്കോളജിക്കലി സെൻസിറ്റീവായ ലാൻഡും ഇക്കോളജിക്കലി സെൻസിറ്റീവായ സോണും ഏതാണെന്നതിനെ സംബന്ധിച്ച്, മനുഷ്യന്റെ പാദസ്പർശം ഏൽക്കാത്തതായിരിക്കണമെന്ന തോന്നൽ പലർക്കും ഉണ്ടെന്നാണ് എനിക്ക് മനസ്സിലാക്കാൻ സാധിച്ചത്. കേരളത്തിലെ പരിസ്ഥിതി സംരക്ഷണത്തിനായി നിരവധി നിയമങ്ങൾ ഇപ്പോൾത്തന്നെയുണ്ട്. കേരളത്തിന്റെ 10 – ഉം കേന്ദ്ര സർക്കാരിന്റെ 29 – ഉം നിയമങ്ങൾ നിലവിലുണ്ട്. ഇതിനുപുറമേയാണ് പശ്ചിമഘട്ട സംരക്ഷണത്തിനുവേണ്ടി വേറെ നിയമം വന്നിട്ടുള്ളത്. ജനവാസം പ്രകൃതിക്ക് നിരക്കാത്തതാണെന്നുള്ള കാഴ്ചപ്പാടുള്ളതുകൊണ്ടാണ് ഈ പ്രശ്നം മുഴുവനും ഉണ്ടായത്. മലയോരവാസികളെല്ലാം കൂട്ട പലായനം ഭയന്നാണിരിക്കുന്നത്. അവിടെ വിദ്യാലയങ്ങൾ, ആശുപത്രികൾ, പള്ളികൾ തുട

ങ്ങിയവ പണിയാൻ സാധിക്കുമോയെന്നുള്ള നിരവധി ആശങ്കകളാണുള്ളത്. അത്തരം ആശങ്കകൾ മാറ്റാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. സംസ്ഥാന ഗവൺമെന്റിന് മാത്രമല്ല കേന്ദ്ര ഗവൺമെന്റിന്റെ ഇടയ്ക്കിടയ്ക്കുള്ള പ്രസ്താവനകളും നോട്ടിഫിക്കേഷനുകളുമെല്ലാം കൂടുതൽ കൺഫ്യൂഷൻ ഉണ്ടാക്കുകയാണ്. ഇക്കോളജിക്കലി സെൻസിറ്റീവായ ഏരിയ നിശ്ചയിക്കുന്നതിന് ഗാഡ്ഗിൽ കമ്മിറ്റി ഗ്രാമസഭകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കൂടി ആലോചന നടത്തണമെന്നുണ്ടായിരുന്നു. ഇപ്പോൾ അതില്ല. ജനാധിപത്യപരമായ അവകാശം കസ്തൂരി രംഗൻ നിഷേധിക്കുന്നുവെന്നുള്ളതാണ് അടിസ്ഥാനപരമായ കാര്യം. കസ്തൂരി രംഗൻ റിപ്പോർട്ട് നടപ്പിലാക്കരുതെന്ന് മാത്രമല്ല, ജനസാന്ദ്രത കണക്കിലെടുത്ത് ജനവാസ കേന്ദ്രങ്ങൾ ഒഴിവാക്കണമെന്നും ജനങ്ങളുടെ ബുദ്ധിമുട്ടുകൂടി കണക്കിലെടുത്തുവേണം ഇത് നടപ്പിലാക്കേണ്ടതെന്നും മാത്രമാണ് എനിക്ക് പറയാനുള്ളത്. ഇക്കോളജിക്കലി ഫ്രെജയിൽ ലാൻഡ് നോട്ടിഫൈ ചെയ്യുന്നത് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റാണ്. പക്ഷേ, ഇക്കോളജിക്കലി സെൻസിറ്റീവ് ലാൻഡ് നോട്ടിഫൈ ചെയ്യുന്നത് റവന്യൂ അതോറിറ്റിയാണ്. ഭൂമി കൈമാറ്റം ചെയ്യുന്നതിന് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് റവന്യൂവകുപ്പിന് നോട്ടീസ് കൊടുത്തിരിക്കുന്നത് കൂടുതൽ കൺഫ്യൂഷൻ ഉണ്ടാക്കും. അത് വളരെ പ്രകോപനകരമാണ്. ഞങ്ങളൊക്കെ ബഫർ സോണിൽവരുന്ന ആളുകളാണ്. അവിടെ എന്തായിരിക്കണമെന്നതിനെ സംബന്ധിച്ച് ആർക്കും നിശ്ചയമില്ല. ഊർജ്ജ പദ്ധതികൾ, കുടിവെള്ള പദ്ധതികൾ, ഡാമുകൾ തുടങ്ങിയവ പണിയാൻ സാധിക്കുമോയെന്നുള്ള കാര്യങ്ങളെ സംബന്ധിച്ച് ആശങ്കകൾ നിലനിൽക്കുകയാണ്. ജനങ്ങളെ സ്വൈര്യമായി ജീവിക്കാൻ അനുവദിക്കണം. ജനങ്ങളെ സർക്കാർ സംരക്ഷിക്കുമെന്ന് ഉറപ്പുണ്ടാക്കണം. അതോടൊപ്പം പരിസ്ഥിതി സംരക്ഷണം നടത്താനുള്ള ചുമതല

കൂടി ഏറ്റെടുക്കണം. ഇവിടത്തെ പ്രശ്നമെന്ന് പറയുന്നത്, ഒന്നുകിൽ ആശാന്റെ നെഞ്ചത്ത് അല്ലെങ്കിൽ കളരിക്ക് പുറത്ത്. ഇതൊന്നുമല്ലാത്ത കാര്യത്തെക്കുറിച്ച് കളരിക്ക് അകത്ത് നടത്താനും ഒരു പരിപാടിയുമില്ല. സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിന്റെ മുമ്പിൽ ധൈര്യപൂർവ്വം കാര്യങ്ങൾ പറയണമെന്ന് മാത്രം സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എ. എ. അസീസ് : സർ, ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് വന്നപ്പോൾ മലയോര മേഖലയിലെ കർഷകർക്കുണ്ടായ ആശങ്കകൾ പരിഹരിക്കാൻ വേണ്ടിയാണ് കസ്തൂരി രംഗനെ ചുമതലപ്പെടുത്തിയത്. കസ്തൂരി രംഗൻ റിപ്പോർട്ട് വന്നപ്പോഴും ആശങ്കകളുണ്ടായി. എന്നാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് യാതൊരു ആശങ്കയ്ക്കും വകയില്ലായെന്നാണ്. പക്ഷേ, കേന്ദ്ര വനം-പരിസ്ഥിതി വകുപ്പുമന്ത്രി ശ്രീമതി ജയന്തി നടരാജൻ പരസ്പര വിരുദ്ധമായി നടത്തിയ പ്രസ്താവന മുഖ്യമന്ത്രി നൽകിയ ഉറപ്പിന് കടകവിരുദ്ധമായിരുന്നു. അതിനുശേഷം അടുത്തകാലത്ത് കേന്ദ്രമന്ത്രി ശ്രീ. വീരപ്പ മൊയ്‌ലിയുടെ പ്രസ്താവനയും മുഖ്യമന്ത്രി ഈ സഭയ്ക്കും പുറത്തും നൽകിയ ഉറപ്പിന് കടകവിരുദ്ധമാണ്. ആ സാഹചര്യത്തിലാണ് മലയോര കർഷകർ വലിയ ആശങ്കയിലായതും തുടർന്ന് സമരങ്ങൾക്കുമെല്ലാം ഇടയായതും. ഈ ആശങ്ക പരിഹരിക്കപ്പെടണം. അതിന് യോജിച്ച തീരുമാനമാണ്, പ്രമേയമാണ് പാസ്സാക്കി കേന്ദ്ര ഗവൺമെന്റിനെ അറിയിക്കേണ്ടത് അക്കാര്യത്തോട് ഞാൻ യോജിക്കുകയാണ്.

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്) : സർ, കസ്തൂരി രംഗൻ കമ്മിറ്റി റിപ്പോർട്ടും ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടും കേരളത്തിലെ കർഷക വർഗ്ഗ

ത്തിന് ആവശ്യമില്ല. ഈ രണ്ട് റിപ്പോർട്ടുകളുംകൊണ്ട് ഗുണമില്ലായെന്ന ഉറച്ച അഭിപ്രായത്തിൽ നിൽക്കുകയാണ്. ഇവിടെ കേരളത്തിലെ ജനങ്ങളുടെ മുമ്പിൽ ചില സംശയങ്ങളുണ്ടായി. നിയമസഭയ്ക്ക് അകത്ത് പച്ച രാഷ്ട്രീയം തുടങ്ങിയ പ്രചരണങ്ങൾ വന്നതോടുകൂടിയാണ് പേരുദോഷം കൂടുതലായി ഉണ്ടായതെന്ന് കരുതുന്നയാളാണ് ഞാൻ. ഇന്ന് രാവിലെ പച്ച രാഷ്ട്രീയക്കാര നായ ശ്രീ. വി. ഡി. സതീശനുമായും ശ്രീ. ടി. എൻ. പ്രതാപനുമായും സംസാരിച്ചപ്പോൾ എനിക്ക് സന്തോഷമായിയെന്ന് മാത്രമല്ല സംതൃപ്തിയായി. എന്നെക്കാൾ കൂടുതൽ, എന്തിന് ശ്രീ. കോടിയേരി ബാലകൃഷ്ണനെക്കാൾ ആത്മാർത്ഥമായി പശ്ചിമഘട്ടം സംരക്ഷിക്കുന്നതുപോലെ കർഷകരെയും കുടിയിറക്കാൻ പാടില്ലായെന്ന ഉറച്ച അഭിപ്രായം രണ്ടുപേരും പറഞ്ഞപ്പോൾ സന്തോഷമായി. കേരള നിയമസഭ യുണാനിമസായിയെന്ന് കരുതുകയാണ്. നിയമസഭയിൽ തർക്കമുണ്ടെന്ന തോന്നലില്ല എനിക്കിപ്പോൾ. ആറ് സംസ്ഥാന ങ്ങളിലായി 1490 കി.മീ നീളം വരുന്ന പശ്ചിഘട്ടത്തെ സംരക്ഷിക്കുന്നതിന് ഇവിടെ ആരും എതിരല്ല. ഞങ്ങളെ സംബന്ധിച്ചിടത്തോളം ചോദിക്കാനുള്ളത്, മനുഷ്യനാണോ മൃഗമാണോ വേണ്ടത്. മനുഷ്യൻ ഇല്ലാതെ മൃഗമെന്തിനാണ്. മനുഷ്യന് ജീവിക്കാൻ വേണ്ടിയല്ലേ മൃഗം. ഇവിടെ മൃഗങ്ങൾ പെരുകിയിരി ക്കുന്നു. മൃഗങ്ങൾ ജനങ്ങളെ ഉപദ്രവിക്കുകയാണ്. ആ മൃഗങ്ങളെ തൊടാൻ പാടില്ലായെന്നുപറഞ്ഞ് ചില നിയമങ്ങൾ ഉണ്ടാക്കുകയാണ്. എനിക്ക് പ്രധാന പ്പെട്ട മറ്റൊരു കാര്യം പറയാനുള്ളത്, ഈ റിപ്പോർട്ടുകളിലൊന്ന് കേന്ദ്ര ഗവൺമെന്റിന്റെ മുമ്പിൽ ചെന്നു. അതുപോലെയാണ് റബ്ബറിന്റെ ഇറക്കുമതി. യാതൊരു കാരണവശാലും നാലു കൊല്ലത്തേയ്ക്ക് റബ്ബറിന്റെ ഇറക്കുമതി ആവശ്യമില്ല. ഉത്പാദനം പോലും തകർക്കുന്ന രീതിയിൽ ഇറക്കുമതി നടത്തി.

ഫോറസ്റ്റുമായി കേസ്സുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കക്ഷിനേതാക്കളെല്ലാവരും ചെന്ന് കേന്ദ്ര ഗവൺമെന്റിന്റെ മുന്നിൽ ചെന്ന് വില കിട്ടുന്നില്ലായെന്ന് പറഞ്ഞാൽ,....മുഖ്യമന്ത്രിയെ അപമാനിച്ചുവിട്ടുവെന്ന് പറഞ്ഞ് സന്തോഷിക്കുകയാണ്. എന്റെ അഭിപ്രായം തിരിച്ചാണ്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയോട് കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി റബ്ബറിന്റെ ഇറക്കുമതിയുടെ കാര്യത്തിലും കേന്ദ്ര വനം-പരിസ്ഥിതി വകുപ്പുമന്ത്രി ഗാഡ്ഗിൽ-കസ്തൂരി രംഗൻ റിപ്പോർട്ടിന്റെ കാര്യത്തിലുമെടുത്ത നടപടി തമിഴ്നാട്ടിലെ മുഖ്യമന്ത്രിയോട് കാണിച്ചാൽ എവിടെ പോയി നിൽക്കും. ഒറ്റക്കെട്ടായി നമ്മൾ യുദ്ധം ചെയ്യില്ലേ? തമിഴ്നാട്ടിൽ ഇപ്പോഴും ഹിന്ദിയില്ല. അവിടെ ഒറ്റക്കെട്ടാണ് ജനം. ഇവിടെയാണെങ്കിൽ മുഖ്യമന്ത്രിയെ അപമാനിച്ചാൽ നമുക്കൊരു സുഖം. മുഖ്യമന്ത്രി നാണംകെട്ടവൻ എന്ന് പറയാൻ പ്രതിപക്ഷം, അതുകേട്ട് സുഖിക്കുന്നവർ വേറെ. അതുമാറി കേരളത്തിലെ ജനങ്ങളുടെ വികാരം പ്രകടിപ്പിക്കുന്ന മുഖ്യമന്ത്രിക്ക് അനുകൂലമായി നിലപാട് സ്വീകരിക്കാനും തന്റേടത്തോടുകൂടി അദ്ദേഹത്തിന് പിന്തുണ കൊടുക്കാനും കേരളത്തിലെ മൂന്ന് കോടി മുപ്പത്തിയൊന്ന് ലക്ഷം ജനങ്ങളും തയ്യാറാകണമെന്നാണ് എന്റെ അഭിപ്രായം. അപ്പോൾ ഈ പ്രശ്നം തീരും. 28.88 ശതമാനം ഫോറസ്റ്റാണ് കേരളത്തിലുള്ളതെന്ന് വനം വകുപ്പുമന്ത്രി ഇന്ന് രാവിലെ പറയുകയുണ്ടായി. ഇന്ത്യയുടെ ആവറേജ് വനം വിസ്തൃതി 19.50 ശതമാനമാണെന്നുള്ളത് ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞില്ല. മറ്റുള്ള സംസ്ഥാനങ്ങളെക്കാൾ കൂടുതൽ വനമുള്ളത് കേരളത്തിലാണ്. പിന്നെ എങ്ങോട്ട് വനമുണ്ടാക്കണമെന്നാണ് കിസ്തൂരിരംഗനൊക്കെ പറയുന്നത്. ഇവിടെ 28.88 ശതമാനം വനമില്ലേ. മറ്റ് സ്റ്റേറ്റുകളിൽ 19.50 ശതമാനം വനം

മാത്രമേയുള്ളൂ. ഇനിയും വനമുണ്ടാക്കണമെന്ന് പറഞ്ഞാൽ പറയുന്നവന്റെ നാവുപിഴുന്ന നിലയിലേയ്ക്ക് കേരളത്തിലെ കാർഷികമേഖലയിലെ ജനങ്ങൾ മാറും. അക്കാര്യത്തിൽ സംശയമൊന്നുംവേണ്ട. വിട്ടുവീഴ്ചയുടെ പ്രശ്നമൊന്നുമില്ല.

മി. സ്പീക്കർ: ശ്രീ. പി. സി. ജോർജ് നമ്മൾ സംസാരിക്കുമ്പോൾ നിലവാരത്തിൽ സംസാരിക്കുക.

ശ്രീ. പി. സി. ജോർജ്: സർ, നല്ല നിലവാരത്തിലാണ് ഞാൻ പറഞ്ഞത്. സാർ പട്ടണത്തിൽ താമസിക്കുന്നതുകൊണ്ട് അറിഞ്ഞുകൂടാത്തതാണ്. നൂറ്റിചില്ലാനം കൊല്ലമായി പൂഞ്ഞാർ രാജകുടുംബമുള്ള എന്റെ നിയോജകമണ്ഡലത്തെ ഇ.എസ്.എ. ആയി പ്രഖ്യാപിച്ചിരിക്കുകയാണ്. ഇത്രയും മാന്യമായിട്ട് പറയാനേ ഉദ്ദേശിക്കുന്നുള്ളൂ. അക്കാര്യത്തിൽ സംശയമൊന്നും വേണ്ട. എന്റെ നിയോജകമണ്ഡലത്തിലെ നാല് പഞ്ചായത്തിനെ ഇ.എസ്.എ. ആയി പ്രഖ്യാപിക്കാൻ കസ്തൂരി രംഗൻ ആരാണ്? അവന്റെ വല്ല്യപ്പൻ വന്നാൽ ഞാൻ സമ്മതിക്കില്ല. അതുകൊണ്ട് മാന്യതയൊന്നും എന്നെ പഠിപ്പിക്കണ്ട. ഇത് അനുവദിക്കാൻ പറ്റില്ല. അക്കാര്യത്തിൽ ഉറച്ച നിലപാടാണുള്ളത്. അതുകൊണ്ട് ഒരുകാരണവശാലും സമ്മതിക്കാൻ കഴിയില്ല. മുഖ്യമന്ത്രിയുടെ നിലപാടിനോട് യോജിച്ചുകൊണ്ടാണ് ഞാൻ പറയുന്നത്. ഒരു കാരണവശാലും ഈ രണ്ട് റിപ്പോർട്ടും കേരളത്തിലെ ജനങ്ങൾക്ക് ആവശ്യമില്ല.

ശ്രീ. വി. ചെന്താമരാക്ഷൻ : സർ, പശ്ചിമഘട്ട മലനിരകൾ സംരക്ഷിക്കണമെന്ന കാര്യത്തിൽ ആർക്കും യാതൊരു അഭിപ്രായവ്യത്യാസവും ഉണ്ടാകാൻ സാധ്യതയില്ല. ആ ലക്ഷ്യം വച്ചുകൊണ്ടാണ് മാധവ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് വന്നത്. ശക്തമായ എതിർപ്പുവന്നപ്പോൾ ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിലെ പ്രശ്നങ്ങൾ പരിഹരിച്ച് ഫലപ്രദമായ രൂപത്തിൽ നിർദ്ദേശങ്ങൾ

സമർപ്പിക്കാനാണ് കസ്തൂരി രംഗനെ അവതരിപ്പിച്ചത്. കസ്തൂരി രംഗൻ കമ്മിറ്റി റിപ്പോർട്ട് വന്നപ്പോൾ അതീവ ഗുരുതരമായ സ്ഥിതിവിശേഷം നമ്മുടെ നാട്ടിലുണ്ടായി. ഇപ്പോൾ പ്രൊട്ടക്ടഡ് ഏരിയ, അതുപോലെ അതീവ പരി സ്ഥിതിലോല പ്രദേശമെന്ന നിലയിലുള്ള കസ്തൂരി രംഗൻ റിപ്പോർട്ട് വന്ന പ്പോൾ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭാഗത്തുനിന്ന് മാത്രമല്ല കേരളത്തിലെ പൊതുസമൂഹവും ശക്തമായ രൂപത്തിലുള്ള എതിർപ്പാണ് ഈ രംഗത്ത് കൊണ്ടുവന്നത്. ഈ റിപ്പോർട്ട് വിശദമായി പരിശോധിക്കുന്ന സമയത്ത് പശ്ചിമഘട്ട മലനിരകളെ നാല് മേഖലകളായിട്ടാണ് തിരിച്ചിരിക്കു ന്നത്. ഒന്ന്, നാച്ചുറൽ ലാൻഡ്സ്കേപ്പ്, പിന്നെ പരിസ്ഥിതി ലോല പ്രദേശം 1, 2, 3. നാച്യുറൽ ലാൻഡ്സ്കേപ്പിന് അനുകൂലമായ പശ്ചാത്തല സൗക ര്യമൊരുക്കാൻ വേണ്ടി ഇ.എസ്.എ.1-ഉം പരിസ്ഥിതി ലോല പ്രദേശം-1-ഉം അതേ പരിഗണനയിലാണ് വന്നിട്ടുള്ളത്. അങ്ങനെ പരിശോധിക്കുന്ന അവസരത്തിൽ 123 വില്ലേജുകൾ നാച്ചുറൽ ലാൻഡ്സ്കേപ്പിന്റെ പരിധിയി ലാണ് വരുന്നത്. അങ്ങനെ വന്നാൽ ഗുരുതരമായ പ്രശ്നമാണ് നമ്മുടെ നാട്ടി ലുണ്ടാകാൻ പോകുന്നത് എന്നതിനെ സംബന്ധിച്ച് ഇവിടെയുള്ള എല്ലാവരും വിശദീകരിച്ചതുകൊണ്ട് ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല.

ശ്രീ. എ. കെ. ബാലൻ: സർ, ഗാഡ്ഗിൽ കമ്മിറ്റിയാണ് ഇതിന്റെ ആരംഭ മെന്ന് പറഞ്ഞല്ലോ. യഥാർത്ഥത്തിൽ ഗാഡ്ഗിൽ കമ്മിറ്റിയുമായി ബന്ധപ്പെട്ടു കൊണ്ട് കേരളത്തിൽ ആകെ വന്നിട്ടുള്ളത് അതിരപ്പിള്ളിയിൽ മാത്രമാണ്. അതിരപ്പിള്ളി പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിന്റെ ക്ലിയറൻസ് മൂന്ന് പ്രാവശ്യം കിട്ടിയതിനുശേഷം ആ പദ്ധതിയും അനുബന്ധമായി ഒരു ജലവൈദ്യുതി

പദ്ധതിയും കേരളത്തിൽ ഉണ്ടാകാൻ പാടില്ലായെന്ന ഡോ. വിജയന്റെയും ഡോ. ലതയുടെയും ഗൂഢാലോചനയാണ് ഗാഡ്ഗിൽ കമ്മിറ്റിയുടെ ഉള്ളടക്കമെന്നുള്ളത് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, ശ്രീ. എ. കെ. ബാലൻ പറഞ്ഞത് ശരിയാണ്. നമ്മുടെ നാട്ടിലെ പരിസ്ഥിതിവാദികൾ, എല്ലാ ആളുകളെയും ഞാൻ അങ്ങനെ പറയുന്നില്ല, കേവല പരിസ്ഥിതി വാദികളെന്നറിയപ്പെടുന്നവർ, അവർ ജനങ്ങളുടെ പ്രശ്നങ്ങൾ കാണുന്നതേയില്ല. E.S.A.-I ഈ നിലയിൽ പ്രഖ്യാപിച്ചാൽ അത് ഗുരുതരമായ പ്രശ്നങ്ങളുണ്ടാക്കും. ഒരു ചതുരശ്ര കിലോമീറ്ററിൽ നൂറിൽത്താഴെ ജനവാസമുള്ള പ്രദേശങ്ങളെയാണ് ഇ.എസ്.എ. ആയി പരിഗണിക്കേണ്ടതെന്ന് കസ്തൂരിരംഗൻ റിപ്പോർട്ടിൽത്തന്നെ പറയുന്നുണ്ട്. കേരളത്തിൽ അത്തരമൊരു പ്രദേശമേയില്ല. ഇതൊന്നും പരിഗണിക്കാതെയാണ് ഇത്തരമൊരു സ്ഥിതിവിശേഷമുണ്ടാക്കിയിട്ടുള്ളത്. അതുപോലെ മറ്റ് സംസ്ഥാനങ്ങളിലെ പരിസ്ഥിതിലോല പ്രദേശങ്ങൾ സ്വാഭാവിക വനപ്രദേശങ്ങളിൽ നിന്ന് കുറവാണ്. കേരളത്തിൽ മാത്രം വ്യത്യസ്തമായ സ്ഥിതിവിശേഷമാണ് കാണുന്നത്. കേരളത്തിൽ നാച്ചുറൽ ലാന്റ്സ്കേപ്പ് 12477 സ്ക്വയർ കിലോമീറ്ററാണ്. എന്നാൽ E.S.A.-I. 13108 സ്ക്വയർ കിലോമീറ്ററാണ്. മറ്റ് സംസ്ഥാനങ്ങളിലെ നാച്ചുറൽ ലാന്റ്സ്കേപ്പിനേക്കാൾ E.S.A.-I കുറവാകുമ്പോൾ, വലിയ ജനസാന്ദ്രതയുള്ള കേരളത്തിൽ നേരെ വിപരീതമായ സ്ഥിതിവിശേഷമാണ് ഉണ്ടായിട്ടുള്ളത്. ഇതിനോടനുബന്ധിച്ച് buffer zone കൂടിയാകുമ്പോൾ ഗുരുതരമായ പ്രശ്നങ്ങൾ നമ്മുടെ നാട്ടിലുണ്ടാകും. കേരളത്തിലെ 123 വില്ലേജുകളിൽ, ബഹുമാന്യനായ ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇവിടെ വിശദീകരിക്കു

കയുണ്ടായി, പുതുശ്ശേരി പഞ്ചായത്തിലെ എം.സി.എൽ. എന്ന പൊതുമേഖലാ വ്യവസായ സ്ഥാപനം നിന്നുപോകുന്ന സ്ഥിതിവിശേഷമാണുള്ളത്. എം.സി.എൽ. ഉൾക്കൊള്ളുന്ന പ്രദേശം അതീവ പരിസ്ഥിതിലോല മേഖലയായി പരിഗണിക്കപ്പെട്ടു. എന്നാൽ തൊട്ടപ്പുറത്ത് തമിഴ്നാട്ടിലുള്ള അസോസിയേറ്റ് സിമന്റ് കമ്പനിക്ക് യാതൊരു പ്രശ്നവുമില്ല. ഈ റേഡിയൽ ഡിസ്റ്റൻസ് എടുത്തുനോക്കിയാൽ മലബാർ സിമന്റ് കമ്പനിയും അസോസിയേറ്റ് സിമന്റ് കമ്പനിയും ചുണ്ണാമ്പുകല്ല് ഖനനം ചെയ്യുന്നത് ഏതാണ്ട് ഒരേ സ്ഥലത്താണ്. എന്നാൽ അസോസിയേറ്റ് സിമന്റ് കമ്പനിയെ ഇതിൽ നിന്നും ഒഴിവാക്കി. മലബാർ സിമന്റ് കമ്പനി സമ്പൂർണ്ണമായും അടച്ചുപൂട്ടേണ്ട സ്ഥിതിവിശേഷമാണ് ഉണ്ടായിട്ടുള്ളത്. ഈ മേഖലയിലൂടെ റെയിൽവേ ട്രാക്ക് കടന്നുപോകുന്നുണ്ട്, അവിടെ ഡാമുമുണ്ട്. ഇതൊന്നും പരിഗണിക്കാതെ ഏകപക്ഷീയമായിട്ടാണ് ഈ റിപ്പോർട്ട് വന്നിട്ടുള്ളത്. അതുകൊണ്ട് അത് അംഗീകരിക്കാൻ കഴിയില്ല. ഇക്കാര്യത്തിൽ ശക്തമായ നിലപാട് സ്വീകരിക്കണം. എന്റെ മണ്ഡലത്തിലെ നെന്മാറ അസംബ്ലി നിയോജക മണ്ഡലത്തിലെ നെല്ലിയാമ്പതി പഞ്ചായത്തിൽ ആളുകളുടെ താമസം കുറഞ്ഞുവരികയാണ്. ഇരുപത്തയ്യായിരത്തോളം ജനസംഖ്യ ഉണ്ടായിരുന്നത് ഇപ്പോൾ 4000–5000 ആയി കുറഞ്ഞു. ഈ ഒരു റിപ്പോർട്ടുകൂടി നടപ്പിലാക്കിയാൽ അവിടെ ആ പഞ്ചായത്തുതന്നെ ഉണ്ടാകാത്ത സ്ഥിതിവിശേഷമാണ് വരാൻ പോകുന്നത്. അതുപോലെ മുതലമട ഗ്രാമപഞ്ചായത്തിൽ രണ്ട് ഡാമും റെയിൽവേ ലൈനുമുണ്ട്. ഞാൻ വർഷങ്ങൾക്കുമുമ്പ് എസ്.എഫ്.ഐ.യുടെ സംഘടനാ പ്രവർത്തനവുമായി ബന്ധപ്പെട്ട് ആ മേഖലയിൽ പോകുമ്പോൾ നിലക്കടല

കൃഷി മാത്രമുള്ള വെറും മൊട്ട പറമ്പായിരുന്നു അത്. ഇപ്പോൾ അവിടെ മാവ് കൃഷി ആരംഭിച്ചു. വലിയ തോതിൽ മാങ്ങ ഉൽപ്പാദിപ്പിക്കുന്നുണ്ട്. സൗത്ത് ഇന്ത്യയിൽ ഏറ്റവും ആദ്യം മാമ്പഴമുണ്ടാകുന്ന സ്ഥലമാണ് ഇവിടം. ഈ മാമ്പഴം വിദേശ രാജ്യങ്ങളിലുൾപ്പെടെ കയറ്റി അയയ്ക്കുന്നുണ്ട്. അങ്ങനെ കോടിക്കണക്കിന് രൂപ കേരളത്തിന് സംഭാവന ചെയ്യുന്നുണ്ട്. ഈ പ്രദേശം സാറ്റലൈറ്റിൽ നിന്നും നോക്കിയപ്പോൾ ഇവിടെയാകെ വനമാണ്. വനമാകുമ്പോൾ E.S.A.-I. അതുകൊണ്ട് അവിടെയുള്ള ആളുകളെല്ലാം നാടുവിട്ട് പോകണം. ഇത് എന്ത് മര്യാദയാണ്? ഇത്തരമൊരു സ്ഥിതിവിശേഷം ഒരിക്കലും അംഗീകരിക്കാൻ കഴിയാത്ത സാഹചര്യമാണ് നമ്മുടെ നാട്ടിലുണ്ടായിട്ടുള്ളത്. അതുകൊണ്ട് ശക്തമായിട്ടുള്ള സമീപനം ഈ കാര്യത്തിൽ നമുക്ക് സ്വീകരിക്കണം. മൊട്ട പറമ്പിൽ മാവ് വച്ച് ഫലപ്രദമായ രൂപത്തിൽ പരിസ്ഥിതിക്ക് അനുകൂലമായ സാഹചര്യമുണ്ടാ ക്കിയതാണ് മുതലമടയിലെ പാവപ്പെട്ട കർഷകർ ചെയ്ത തെറ്റ്. അതുകൊണ്ട് അത് ഒരിക്കലും അംഗീകരിക്കാൻ കഴിയില്ല. ഇതിന് സമാനമായി പാലക്കാട് ജില്ലയിലെ 14 വില്ലേജുകൾ, അട്ടപ്പാടി മേഖല, പാലക്കാട് താലൂക്കിലെ വാളയാർ ഉൾക്കൊള്ളുന്ന പ്രദേശം, പുതുശ്ശേരി ഈസ്റ്റ് വില്ലേജ്, മലമ്പുഴ ഡാം ഉൾക്കൊള്ളുന്ന പ്രദേശം എന്നിവ അതീവ പരിസ്ഥിതി ലോല മേഖലയായി പ്രഖ്യാപിച്ചിരിക്കുകയാണ്. ഇത്തരമൊരു സ്ഥിതിവിശേഷ മുണ്ടായാൽ ഈ മേഖലയിൽ ഗുരുതരമായ പ്രശ്നങ്ങളുണ്ടാകുമെന്നതിൽ യാതൊരു സംശയവുമില്ല. 1980-ൽ വനസംരക്ഷണ നിയമം വന്നപ്പോൾ, വന്യജീവിയെ ആക്രമിച്ച് കൊലപ്പെടുത്തിയ ആളിനെ പിടിച്ച് ജയിലിൽ ഇടും. അത് നല്ല കാര്യമാണ്, തർക്കമൊന്നുമില്ല. പക്ഷേ വന്യജീവികൾ മനുഷ്യനെ

ആക്രമിക്കാൻ വന്നാൽ എന്ത് ചെയ്യണം? ആനയോ കടുവയോ ആക്രമിക്കാൻ വന്നാൽ തൊഴു കയ്യോടെ നിൽക്കണം. നെല്ലിയാമ്പതിയിൽ ഒരു പാവപ്പെട്ട മനുഷ്യനായ അയ്യപ്പനെ കടുവ ആക്രമിക്കാൻ ചെന്നു. അപ്പോൾ അദ്ദേഹത്തിന്റെ കയ്യിൽ കൊടുവാളുണ്ടായിരുന്നു. അദ്ദേഹം കടുവയെ വെട്ടി, കടുവ ചത്തു. കടുവ ചത്തതിന്റെ പേരിൽ അയാളെ വിയ്യൂർ സെൻട്രൽ ജയിലിൽ പിടിച്ചിട്ടു. എന്ത് നിയമമാണ്. ഇങ്ങനെയുള്ള നിലപാടുകളും നിയമങ്ങളുമാണ് നമ്മുടെ നാട്ടിൽ ഗുരുതരമായ പ്രശ്നങ്ങളുണ്ടാക്കുന്നത്. മനുഷ്യന്റെ പക്ഷത്തുനിന്ന് ചിന്തിച്ച് ഈ പ്രശ്നത്തിന് ശാശ്വതമായ പരിഹാരം കാണുന്നതിനാവശ്യമായ ഒരു സമീപനം നമുക്ക് സ്വീകരിക്കണമെന്നാണ് ഈ പ്രമേയത്തെ പിന്തുണച്ചുകൊണ്ട് എനിക്ക് സൂചിപ്പിക്കാനുള്ളത്.

<u>ശ്രീ. എം. വി. ശ്രേയാംസ് കുമാർ</u>: സർ, കസ്തൂരി രംഗൻ റിപ്പോർട്ട് തള്ളിക്കളയണമെന്നാണ് എന്റെ അഭിപ്രായം. കാരണം അത് പരിസ്ഥിതിയേയോ കർഷകരേയോ സഹായിക്കാത്ത വളരെ അശാസ്ത്രീയമായ റിപ്പോർട്ടാണ്. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് വന്നപ്പോൾ അത് ചർച്ചചെയ്യണമെന്ന് ഈ സഭയിൽ പ്രമേയമുണ്ടായിരുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ, അതിന്റെ ദോഷവശങ്ങൾ മാറ്റിനിർത്തി ജനാധിപത്യപരമായ ഒരു വ്യവസ്ഥയിലുണ്ടായതാണ്. അത് ചർച്ച ചെയ്യാനുള്ള ഒരു അവസരം നമുക്കിവിടെ നഷ്ടപ്പെട്ടു എന്നതാണ്. കൃഷിയും പരിസ്ഥിതിയും പരസ്പര പൂരകങ്ങളാണ്. യഥാർത്ഥ കർഷകൻ പ്രകൃതി സംരക്ഷകനാണെന്നതിൽ ഒരു സംശയവുമില്ല. കാരണം അവന്റെ കൃഷിയും ജീവിതവും

നിലനിൽക്കുന്നതുതന്നെ പ്രകൃതിയെ ആശ്രയിച്ചാണ്. പശ്ചിമഘട്ടം സംരക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഒരു സംശയവുമില്ല. അത് കൃഷിയെയും മനുഷ്യ ജീവിതത്തെയും ബാധിക്കാതെ നമുക്ക് ചെയ്യാൻ സാധിക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. കാരണം ഇവിടെ ചില നിയന്ത്രണങ്ങൾ ആവശ്യമാണ്. പാറ ക്വാറികൾ, പാറ ഖനനം, വനം കൊള്ള, മണൽ വാരൽ ഇതിനെല്ലാം നിയന്ത്രണം ആവശ്യമാണ്. അനിയന്ത്രിതമായി പ്രവർത്തിക്കുന്ന ഇതിന്റെയൊക്കെ പുറകിലുള്ള ആളുകളാണ് ഇന്ന് രക്ഷപെട്ട് പോകുന്നത്. കുടിക്കാൻ വെള്ളമില്ലാതെയും ശ്വസിക്കാൻ വായു ഇല്ലാതെയും എങ്ങനെയാണ് ജീവിക്കാൻ കഴിയുക. കേരളത്തിലെ കുടിവെള്ളം മുഴുവൻ വരുന്നത് പശ്ചിമഘട്ടത്തിൽ നിന്നാണ്. അത് സംരക്ഷിച്ചേ മതിയാകൂ. കർഷകനെ ദ്രോഹിക്കാത്തതും കുടിയിറക്കാത്തതും കൃഷിയെ ബാധിക്കാത്തതുമായ രീതിയിലുള്ള പരിപാടി നമുക്ക് ആസൂത്രണം ചെയ്യാൻ സാധിക്കും. 1986-ലെ പരിസ്ഥിതി സംരക്ഷണ നിയമം വന്നതിന്റെ പിന്നിൽ ഒരു കാര്യമുണ്ട്. ഡൂൺ വാലിയിൽ അനിയന്ത്രിതമായ ഖനനം കൊണ്ട് അവിടത്തെ ആളുകൾക്ക് ജീവിക്കാൻ കഴിയാതെ ജസ്റ്റിസ് ഭഗവതിക്ക് ഒരാൾ ഒരു കത്തയച്ചു. അത് പി.ഐ.എൽ. ആയി സ്വീകരിച്ചുകൊണ്ടാണ് ജസ്റ്റിസ് ഭഗവതി ഗവൺമെന്റിന് നോട്ടീസ് അയയ്ക്കുന്നത്. അതിനുശേഷമാണ് രാജീവ് ഗാന്ധി 1986-ൽ വനസംരക്ഷണ നിയമം ഇവിടെ കൊണ്ടുവന്നത്. ആ നിയമത്തിലെ സെക്ഷൻ മൂന്നിൽ എന്താണ് പറയുന്നത്; ഇ.എസ്.എ. (Environmentally Sensitive Area) എന്ന് പ്രഖ്യാപിക്കുന്നത് എന്തിനാണ്; മൾട്ടി നാഷണൽ കമ്പനികൾ, പ്ലാച്ചിമടയിലെ കൊക്കോകോള പോലെയുള്ള വലിയ വ്യവസായ

സ്ഥാപനങ്ങൾ വരുമ്പോൾ അവിടത്തെ ജനങ്ങൾക്ക് അതിനെ നേരിടാനോ അതിന്റെ പാർശ്വഫലങ്ങൾക്കെതിരെ സമരം നടത്താനോ സാധിക്കില്ല. മനുഷ്യന് ശുദ്ധമായ ജലം, വായു, കൃഷി ചെയ്യാനുള്ള മണ്ണ് എന്നിവ മൗലികാവകാശമാണെന്നാണ് ആർട്ടിക്കിൾ–21–ൽ പറയുന്നത്. അത് സംരക്ഷിക്കപ്പെടണം. അതിനുവേണ്ടിയാണ് ഇത് കൊണ്ടുവന്നത്. ഇവിടെ എന്താണ് പറയുന്നത്? വലിയ തെർമൽ പ്ലാന്റും കാറ്റഗറി I –ൽപ്പെട്ട ഇൻഡസ്ട്രീസും വരാൻ പാടില്ല എന്നാണ്. ഹോസ്പിറ്റലുകളും അതിന്റെ ഭാഗമായി വരുന്നതാണ്. എന്തുകൊണ്ടാണ് ഹോസ്പിറ്റലുകൾ വരാൻ പാടില്ലെന്ന് പറയുന്നത്? ഹസാർഡസ് വേസ്റ്റ് ഒരു നിയന്ത്രണവുമില്ലാതെ ആളുകൾ തള്ളിവിട്ടാൽ ഉണ്ടാകുന്ന അപകടം കണക്കാക്കിയാണ് ഹോസ്പിറ്റൽ വരാൻ പാടില്ലെന്ന് പറഞ്ഞത്. ഹോസ്പിറ്റലുകൾ പാവപ്പെട്ടവന് വേണ്ടിയാണ്. അതുകൊണ്ട് ഇവിടെ വളരെ ശക്തമായ ഹസാർസഡ് വേസ്റ്റ് ആക്ടുണ്ട്. ആ ആക്ട് കൃത്യമായി നടപ്പിലാക്കിയാൽ ഈ പ്രദേശങ്ങളിൽ ഹോസ്പിറ്റലുകൾ വേണമെന്ന ആവശ്യവുമായി നമുക്ക് ഗവൺമെന്റിനെ സമീപിക്കാം. അങ്ങനെ സമീപിച്ചാൽ നമുക്ക് ഹോസ്പിറ്റലിനുവേണ്ടി exemption കിട്ടും. ഇനി പറയുന്നത് കെട്ടിടങ്ങളുടെ കാര്യമാണ്. 225000 Sq. feet കെട്ടിടം എന്നുപറയുന്നത് അഞ്ചര ഏക്കറിൽ ഒരു നിലയിൽ നിർമ്മിക്കുന്ന കെട്ടിടമാണ്. അങ്ങനെയുള്ള കെട്ടിടം കേരളത്തിൽ എവിടെയാണുള്ളത്. അഞ്ചര ഏക്കറിൽ ഒരു നില കെട്ടിടം. അങ്ങനെ ഒരു വില്ലേജിൽ 16000 സ്ക്വയർ ഫീറ്റ് വരെ എത്ര കെട്ടിടം വേണമെങ്കിലും ആകാം. അപ്പോൾ ഈ തരത്തിൽ സാധാരണക്കാരന് അവന്റെ ജീവിതം മുന്നോട്ടുകൊണ്ടുപോകാൻ പ്രയാസം അനുഭവിക്കുമ്പോൾ പശ്ചിമഘട്ടത്തിൽ

മാത്രമല്ല ഏത് പ്രദേശത്തും പ്രയോഗിക്കാവുന്ന ഒന്നാണ് ഇ.എസ്.എ. അതിന്റെ അന്ത:സത്ത ഉൾക്കൊള്ളാൻ നമുക്ക് സാധിക്കണം. ഇതിന്റെ പേരിൽ കർഷകന്റെ ആശങ്കകൾ ദൂരീകരിച്ചുകൊണ്ടും ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് ചർച്ച ചെയ്തുകൊണ്ടും അതിലെ നല്ല വശങ്ങൾ ഉൾക്കൊണ്ടുകൊണ്ടും കർഷകരുടെ എല്ലാ ആശങ്കകളും മാറ്റണം. ഇടുക്കിയിലും വയനാട്ടിലും കർഷകർക്ക് പട്ടയമില്ല എന്നതാണ് പ്രശ്നം. അവന്റെ ഭൂമിയുടെ ഉടമസ്ഥാവകാശം എന്താണെന്നുള്ളതിനെക്കുറിച്ച് ഒരു uncertainity ഉണ്ട്. ഇപ്പോഴും പല കർഷകരുടെയും കൈവശ രേഖകളിലെ ടാക്സ് എടുപ്പ് നിർത്തിക്കൊണ്ടിരിക്കുകയാണ്. ഇത് അവസാനിപ്പിച്ച് യഥാർത്ഥ കർഷകന് അവന്റെ ഭൂമിയുടെമേൽ അവകാശം സ്ഥാപിച്ചുകൊണ്ട് അവന്റെ ആശങ്ക അകറ്റിയാൽ കർഷകൻ ഇതിന്റെ കൂടെ നിൽക്കുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. അതുകൊണ്ട് നമുക്ക് ജീവിക്കാനുള്ള ആവാസ വ്യവസ്ഥ തകർക്കാൻ നമുക്ക് സാധിക്കുകയില്ല. ശ്രീ. പി. സി. ജോർജ് പറഞ്ഞതിനോട് ഞാൻ യോജിക്കുകയാണ്. മനുഷ്യൻ മാത്രമല്ല ഈ ഭൂമിയുടെ അവകാശികൾ, ഭൂമി എല്ലാ ജീവജാലങ്ങൾക്കും വേണ്ടിയുള്ളതാണ്. കേവലം മനുഷ്യനുവേണ്ടി മാത്രമുള്ളതല്ല. ആ തരത്തിലുള്ള നിലപാടുകൾ ശരിയല്ല. മനുഷ്യൻ വിവേകമുള്ളവനാണ്. കാര്യങ്ങൾ ആലോചിച്ച് ചെയ്യാൻ സാധിക്കുന്നത് മനുഷ്യനാണ്. ഇന്ന് കേരളത്തിൽ കുടിക്കാൻ വെള്ളമുണ്ടോ? ഞാൻ വയനാട്ടിൽ നിന്നും വരുന്നവനാണ്. വയനാട്ടിൽ മഴക്കാലം കഴിഞ്ഞാൽ കുടിവെള്ളമില്ല. കുടിക്കാൻ ശുദ്ധമായ ഒരു തുള്ളി വെള്ളമില്ല. ഞാൻ സ്കൂളിൽ പഠിക്കുമ്പോൾ ഏത് തോട്ടിൽ നിന്നും വെള്ളം കോരി കുടിക്കാമായിരുന്നു.

ഇപ്പോൾ ഒരു തുള്ളി വെള്ളം വയനാട്ടിൽ നിന്നും കുടിക്കാൻ കഴിയില്ല. ഈ വലിയ പ്രശ്നങ്ങൾ നമുക്ക് എങ്ങനെ മാറ്റിവയ്ക്കാൻ സാധിക്കും. പ്രകൃതിയും മനുഷ്യനും പരസ്പര പൂരകങ്ങളായ ഒന്നാണ്. ഈ ആവാസ വ്യവസ്ഥയുണ്ടെങ്കിൽ മാത്രമേ മനുഷ്യന് ജീവിക്കാൻ സാധിക്കുകയുള്ളൂ. നമ്മൾ നമ്മളെക്കുറിച്ചുമാത്രം ആലോചിച്ചാൽ പോര. വരും തലമുറയെക്കുറിച്ചുള്ള ആലോചന നമുക്ക് ആവശ്യമാണ്. അവർക്കുംകൂടി ജീവിക്കാനുള്ള ഭൂമിയാണിത്. നമ്മുടെ പൂർവ്വികർ എങ്ങനെയാണോ നമുക്കുവേണ്ടി ഈ ആവാസ വ്യവസ്ഥ നിലനിർത്തിയത് അതുപോലെ വരും തലമുറയ്ക്കുംകൂടി നിലനിർത്താനുള്ള കാര്യങ്ങൾ ചെയ്യണമെന്നുമാത്രം ഞാൻ പറയുകയാണ്.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. മലയോര മേഖല പരിസ്ഥിതി ദുർബ്ബല പ്രദേശമാണ് എന്നുപറയുന്നതുപോലെതന്നെ ആ പ്രദേശങ്ങൾ ഇപ്പോൾ ഹൈലി സെൻസിറ്റീവ് ഏരിയയായി മാറിയിരിക്കുകയാണ്. അതിനുകാരണം ഗവൺമെന്റ് സ്വീകരിച്ച ചില നിലപാടുകളാണ്. കസ്തൂരിരംഗൻ കമ്മിറ്റി മുമ്പാകെ കേരളത്തിന്റെ പ്രശ്നങ്ങൾ അവതരിപ്പിക്കുന്നതിൽ ഈ ഗവൺമെന്റ് ദയനീയമായി പരാജയപ്പെട്ടു. മാത്രമല്ല, കഴിഞ്ഞ ദിവസം നാഷണൽ ഗ്രീൻ ട്രിബ്യൂണൽ മുമ്പാകെ സംസ്ഥാന ഗവൺമെന്റിന്റെ വക്കീൽ ഉന്നയിച്ച വാദഗതികളാണ് വീണ്ടും ഈ പ്രശ്നത്തെ സെൻസിറ്റീവാക്കിയത്. അപ്പോൾ അത് ഗവൺമെന്റിന്റെ പിടിപ്പുകേടുകൊണ്ട് ഉണ്ടായിട്ടുള്ളതാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ പരിസ്ഥിതി സംരക്ഷണവും വികസനവും നാടിനാവശ്യമാണ്. പരിസ്ഥിതി സംരക്ഷണവാദം പരിസ്ഥിതി തീവ്രവാ

ദമാകാനോ പരിസ്ഥിതി വികസനവാദം വികസന തീവ്രവാദമാകാനോ പാടി ല്ല. ഇതിനെ സമന്വയിപ്പിച്ചുകൊണ്ട് ശ്രീ. എം. വി. ശ്രേയാംസ് കുമാർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ആവാസ വ്യവസ്ഥയെ സംരക്ഷിച്ചുകൊണ്ടുള്ള ഒരു നിലപാടാണ് ഈ പ്രശ്നത്തിന്മേൽ സ്വീകരിക്കേണ്ടത്. അതിന്റെ അടി സ്ഥാനത്തിൽ കേരളത്തിലെ കർഷകരുടെ ആശങ്ക അകറ്റാനാവശ്യമായ സമീ പനം സ്വീകരിക്കണമെന്ന് കേന്ദ്ര ഗവൺമെന്റ് മുമ്പാകെ ശക്തമായി ആവശ്യ പ്പെടാൻ കഴിയണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട പ്രതി പക്ഷ നേതാവും ഉൾപ്പെടെയുള്ള ഈ സംസ്ഥാനത്തെ ജനപ്രതിനിധികൾ ഒറ്റ ക്കെട്ടായി കേരളത്തിന്റെ ആവശ്യം കേന്ദ്ര സർക്കാരിനോട് അവതരിപ്പിക്കുമെ ങ്കിൽ കേരള കർഷകരുടെയും താൽപ്പര്യവും പരിസ്ഥിതിയും സംരക്ഷിക്കാൻ കഴിയും അതിനനുസരിച്ചുള്ള നിലപാട് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കു ന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, കസ്തൂരി രംഗൻ റിപ്പോർട്ട് സംബന്ധിച്ച ആശങ്കകൾ ഒന്നിച്ച് ചർച്ച ചെയ്യാൻ സഭ എടുത്ത തീരുമാനം ഏറെ സ്വാഗതാർഹമാണ്. ഇവിടെ മലയോര മേഖലയിൽ 123 വില്ലേജുകളിലെ ഇരുപത്തിയേഴ് ലക്ഷത്തോളം ജനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങളിന്മേൽ ഒന്നിച്ചുപോരാടാൻ തീരുമാനമെടുത്തതിൽ വളരെ സന്തോഷമുണ്ട്. പാലക്കാട് ജില്ലയിൽ പരിസ്ഥിതി ലോല പ്രദേശമായി പ്രഖ്യാപിച്ച 14 വില്ലേജു കളിൽ ഏഴെണ്ണം മണ്ണാർക്കാട് മണ്ഡലത്തിലാണ്. ആലപ്പുഴ ജില്ലയേക്കാൾ 745 ച.കി.മീ. വിസ്തൃതിയുള്ള അട്ടപ്പാടി മേഖലയിലെ ആറ് വില്ലേജുകൾ ഈ റിപ്പോർട്ടിലൂടെ പൂർണ്ണമായും പരിസ്ഥിതി ലോല പ്രദേശമായിരിക്കുകയാണ്. ഇങ്ങനെ വരുമ്പോൾ അവിടെ താമസിക്കുന്ന ഒരുലക്ഷത്തോളം ജനങ്ങൾ

എന്തുചെയ്യും. അവരുടെ ജനജീവിതം ദുസ്സഹമാകും. അവർ അവിടെനിന്ന് കുടിയിറങ്ങേണ്ട സാഹചര്യമുണ്ടാകും. അട്ടപ്പാടിയിലുള്ള ആറ് വില്ലേജുകളും പരിസ്ഥിതി ലോല മേഖലയിൽപ്പെട്ടിരിക്കുകയാണ്. അട്ടപ്പാടിയിലെ വനങ്ങൾക്ക് ഇപ്പോൾത്തന്നെ ബഫർ സോണും വന്യജീവി സങ്കേതങ്ങൾക്ക് ചുറ്റും ഇക്കോ സെൻസിറ്റീവ് സോണുമുണ്ട്. വനം സംരക്ഷിക്കാൻ അതുമതി. അതുകൊണ്ട് അട്ടപ്പാടിയിലെ ആറ് വില്ലേജുകളെയും പുതിയ നിയന്ത്രണങ്ങളിൽ നിന്ന് മാറ്റണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇതൊരു പ്രധാനപ്പെട്ട ആദിവാസി മേഖലകൂടിയാണ്. ഈ പ്രദേശം പൂർണ്ണമായും ഈ പരിധിയിൽ വന്നാൽ അങ്ങനെയൊരു ബുദ്ധിമുട്ടുണ്ട്. അതോടൊപ്പംതന്നെ ഇതിനൊരു യൂണിറ്റ് വില്ലേജ് എന്നത് മാറ്റേണ്ടതാണ്. കാരണം, ഇവിടത്തെ വില്ലേജുകൾക്ക് 200 ച.കി.മീ. അധികം വിസ്തൃതിയുണ്ട്. അതുകൊണ്ടുതന്നെ ഇത്രയും വലിയ വില്ലേജുകളിൽ എവിടെയെങ്കിലും വനമുണ്ടെന്ന കാരണത്താൽ അതുമുഴുവനും പരിസ്ഥിതി ലോല മേഖലയാക്കുന്നതിനെ ന്യായീകരിക്കാൻ കഴിയില്ല. ഒരു ചതുരശ്ര കിലോമീറ്ററിൽ നൂറിൽ കൂടുതൽ ആളുകൾ താമസിക്കുന്നുവെങ്കിൽ അത് പരിസ്ഥിതി ലോലമേഖലയിൽ നിന്നും ഒഴിവാക്കാമെന്നാണ് വ്യവസ്ഥ. പക്ഷേ, ഇവിടെ ഇത് കണക്കാക്കിയപ്പോൾ വനമേഖലയും കൃഷിമേഖലയുമെല്ലാം കൂട്ടിയാണ് ഭൂമിയുടെ വിസ്തൃതി കണക്കാക്കിയിട്ടുള്ളത്. കേരളത്തിന് പുറത്തുള്ള പ്രദേശങ്ങളുടെയും കൂടി ഉൾപ്പെടുത്തിയാണ് ജനസാന്ദ്രത കണക്കാക്കിയിട്ടുള്ളത്. അത് കേരളം പ്രത്യേകം കണക്കാക്കുകയും വനമേഖല ഒഴിവാക്കുകയും ചെയ്താൽ നമ്മുടെ പരമാവധി പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കും. ആ നിലയിലുള്ള ഒരു നിയമ പോരാട്ടത്തിനുവേണ്ടിയുള്ള പരിശ്രമങ്ങൾ ഉണ്ടാകണമെന്ന് ഇവിടെ

ചൂണ്ടിക്കാണിക്കുകയാണ്. അതോടൊപ്പംതന്നെ വളരെ പ്രധാനപ്പെട്ട അഞ്ച് കാര്യങ്ങൾക്കുമാത്രമേ തടസ്സമുള്ളുവെന്നാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. മണ്ണാർക്കാട്, അട്ടപ്പാടി പോലുള്ള മേഖലകളിൽ ഒരു വീട് വയ്ക്കാൻ പോലും ഭൂമി കുഴിക്കാൻ കഴിയാത്ത ദു:സ്ഥിതിയാണ് ഇപ്പോഴുള്ളത്. അതു കൊണ്ട് അത്തരം പ്രശ്നങ്ങൾ വളരെ ഗൗരവത്തോടുകൂടി കാണേണ്ടതുണ്ട്. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഹോസ്പിറ്റൽ റെഡ് കാറ്റഗറി യിൽപ്പെടുന്നു. ഭാവിയിലും നിയന്ത്രണങ്ങളും വരാൻ സാധ്യതയുണ്ട്. അതു കൊണ്ട് ഈ വിഷയത്തിൽ സംസ്ഥാന ഗവൺമെന്റ് ഇവിടെ നടത്തിയ ശ്രമങ്ങൾ ഏറെ ശ്ലാഘനീയമാണ്. ഉമ്മൻ വി. ഉമ്മൻ കമ്മിറ്റിയെ നിശ്ചയി ച്ചതും ഈ പ്രതിസന്ധിയിൽ നിന്ന് കർഷകജനതയെ രക്ഷപ്പെടുത്താനുള്ള ശ്രമങ്ങളുമൊക്കെ ഏറെ അഭിനന്ദനാർഹമാണ്. ഈ വിഷയത്തിൽ പ്രതിപ ക്ഷവും ഭരണപക്ഷവും ഒന്നിച്ചു നിന്ന് വളരെ ജാഗ്രതയോടുകൂടി മുന്നോട്ടു പോകണമെന്ന അഭിപ്രായപ്പെട്ടുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹ രിക്കുന്നു.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലി ക്കുന്നു. കസ്തൂരി രംഗൻ റിപ്പോർട്ടിൽ നിന്നും ജനവാസ കേന്ദ്രങ്ങളേയും കൃഷിയിടങ്ങളേയും പൂർണ്ണമായി ഒഴിവാക്കണമെന്നും കർഷകവിരുദ്ധ നിർദ്ദേ ശങ്ങൾ ഉപേക്ഷിക്കണമെന്നും ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്. മനുഷ്യനും പ്രകൃതിയുടെ ഉത്പന്നമാണ്. അതുകൊണ്ടുതന്നെ ഇടുക്കി ജില്ലയെ സംബന്ധിച്ചിടത്തോളം പലരും പല സന്ദർഭങ്ങളിൽ പറയുന്നത്, കൈയേറ്റക്കാരാണെന്നാണ്. ഇത് കയ്യേറ്റമാണെന്ന് പറയുന്നവരുടെ കാര്യം പരിശോധിക്കുമ്പോൾ 1975-നു ശേഷമുള്ളവരെല്ലാം കയ്യേറ്റക്കാരാണെന്ന്

പ്രചരിപ്പിക്കുകയും അതിനനുസൃതമായി നടപടി സ്വീകരിച്ചിട്ടുള്ളവരെയു മൊക്കെ പരിശോധിക്കുന്ന അവസരത്തിൽ, ഇടുക്കി ജില്ല എന്നുപറയുന്നത് ഏതാണ്ട് 400 വർഷക്കാലമായി ഗ്രാമങ്ങളും ആദിവാസി കോളനികളും കർഷകരും മറ്റും അടങ്ങിയിട്ടുള്ള ഒരു പ്രദേശമാണ്. ആ ജില്ലയെ മനസ്സിലാ ക്കാതെ ഇങ്ങനെ പറയുന്നതിന്റെ അർത്ഥമെന്താണെന്ന് ചോദിക്കുമ്പോഴാണ് കസ്തൂരി–ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിന്റെ പ്രസക്തി മനസ്സിലാകുന്നത്. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടാണെങ്കിലും കസ്തൂരി രംഗൻ കമ്മിറ്റി റിപ്പോർട്ടാ ണെങ്കിലും നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ ജനങ്ങളില്ലാത്ത പ്രകൃതിയെ ആരെക്കൊണ്ടും സംരക്ഷിക്കാനാവില്ലെന്നുള്ളത് ഒരു വസ്തുതയാണ്. ഇവിടെ നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ വിക്കീലിക്സ് ഒരു കാര്യം പുറത്തുവിട്ടിരുന്നു. ബഹുമാനപ്പെട്ട കേന്ദ്രമന്ത്രി ജയറാം രമേശ് അദ്ദേഹം 2009 ജൂൺ 22–ന് രാവിലെ 10.49–ന് അമേരിക്കയുമായി ടെലി ഫോൺ സംഭാഷണം നടത്തിയിരുന്നു. അതിന്റെ അടിസ്ഥാനത്തിലാണെന്ന് പറയുന്നില്ല പക്ഷേ, അതേ അർത്ഥത്തിലായിരിക്കണം, കസ്തൂരി രംഗന്റെ റിപ്പോർട്ട് അവതരണത്തിനു മുമ്പ്, ശ്രീ. ജയറാം രമേശ് ഉപദേശക സമിതി അംഗമായ ബാംഗ്ലൂരിലെ അശോകാ ട്രസ്റ്റിന് മാത്രം ലഭ്യമായത് 4.5 മില്ല്യൻ ഡോളറാണ്. അശോകാ ട്രസ്റ്റിൽ അംഗമായ ഡോ. കെ.എൻ. ഗണേഷ്, മാധവ് ഗാഡ്ഗിൽ കമ്മിറ്റിയിലെ അംഗമാണ്. അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാന ത്തിലാണ് അത് അംഗീകരിക്കപ്പെട്ടത്. അത്തരത്തിലുള്ള സ്ഥാപനങ്ങളെ സംബന്ധിച്ച് പരിസ്ഥിതി വാദികളായി നടിക്കുന്നവർ അത്തരത്തിൽ പ്രച രണം സംഘടിപ്പിക്കുന്ന സ്ഥാപനങ്ങളെ സംബന്ധിച്ച് പരിശോധിച്ചാൽ അറി യാൻ സാധിക്കും ഇന്ത്യയിലേയ്ക്ക് എത്ര വിദേശ നാണ്യമാണ് എത്തിച്ചേർന്ന

തെന്ന്. ഇന്ത്യയിലെ ഇടുക്കി ജില്ലയെ പൂർണ്ണമായും ഇത്തരത്തിൽ വനമേഖല യായി മാറ്റിത്തീർക്കുവാൻ വേണ്ടി അവർ നൽകിയ ഉറപ്പിന്റെ അടിസ്ഥാന ത്തിൽ പദ്ധതികളായും പ്രോജക്ടുകളായും സമർപ്പിക്കുന്നവരുടെ സാമ്പ ത്തിക സ്രോതസ്സ് എന്താണെന്ന് മനസ്സിലാക്കുവാൻ ഇതുവരെ സാധിച്ചിട്ടില്ല. കാർബൺ ക്രഡിറ്റ് ഫണ്ട് കോടിക്കണക്കിനാണ് വരുന്നത്. ഏത് രൂപത്തിൽ എന്ത് അടിസ്ഥാനത്തിലാണ് ഇത്രയും തുക വന്നുചേരുന്നത്. പരിസ്ഥിതി സംഘടനകൾ വിദേശ രാജ്യങ്ങളിൽ പ്രോജക്ടുകൾ സബ്മിറ്റ് ചെയ്തു വാങ്ങുന്ന കാശിനെ സംബന്ധിച്ച ഇന്ത്യ ഗവൺമെന്റിന് വല്ല കണക്കു മുണ്ടോ, ഇതിനെ സംബന്ധിച്ച് സി.&എ.ജി. ഒരു പരിശോധന നടത്തിയാൽ നമ്മുടെ രാജ്യത്ത് മണ്ണിനെ വിദേശികൾക്ക് പണയം വയ്ക്കുന്ന അല്ലെങ്കിൽ വിൽപ്പന നടത്തുവാൻ തയ്യാറാകുന്ന ഈ സമിതികളെ സംബന്ധിച്ച് പരിശോ ധിക്കുവാൻ കഴിയും. എന്തുകൊണ്ടാണ് ഇടുക്കി ജില്ലക്ക് പട്ടയം നൽകുന്ന തിനെ സംബന്ധിച്ച് എതിരഭിപ്രായമുണ്ടാകുന്നത്. 400 വർഷക്കാലമായി ആ മേഖലയിൽ താമസിക്കുന്നവരെ കയ്യേറ്റക്കാരാണെന്ന് സ്ഥാപിച്ച് അവിടെ നിന്ന് ഓടിക്കുവാൻ ആഗ്രഹിക്കുന്നത് എന്തുകൊണ്ടാണ്? 1981–ലെ പട്ടയം നൽകിയ സാഹചര്യം മുതൽ കൊടുത്ത പട്ടയം ഇല്ലാതാക്കുവാനും ആ പട്ടയം പ്രായോഗികമാകാതിരിക്കുവാനും നികുതി സ്വീകരിക്കാതിരിക്കു വാനും റവന്യൂ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റുകളെക്കൊണ്ട് ഇത്തരത്തിൽ ചില നിലപാടുകൾ സ്വീകരിക്കാനും നടന്ന ശ്രമങ്ങൾ പരിശോധിച്ചാൽ ഒട്ടനവധി വസ്തുതകൾ പുറത്തുകൊണ്ടുവരാൻ സാധിക്കും. അതിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. ഒരുകാര്യം മാത്രം പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. പുതുതായി ഇവരെല്ലാം ആശങ്കകളെ സംബന്ധിച്ചാണ് പറയുന്നത്.

ഞങ്ങൾക്ക് ഇടുക്കിക്കാർക്ക് ആശങ്കയല്ല, കസ്തൂരി രംഗൻ റിപ്പോർട്ട് നടപ്പിലാക്കുന്നുവെന്ന വസ്തുതയാണ് ഞങ്ങൾ മനസ്സിലാക്കുന്നത്. അങ്ങനെയാണ് ഞങ്ങൾക്ക് അനുഭവപ്പെടുന്നത്. നവംബർ മാസം മെമ്പർമാരുമായി ആലോചിക്കുന്നതിനുവേണ്ടി ഉമ്മൻ വി. ഉമ്മൻ കമ്മിറ്റിയിലേയ്ക്ക് ക്ഷണിച്ചു. പക്ഷേ, 13–11–2013– ഇ.പി.എ. അനുസരിച്ചുള്ള കേന്ദ്ര സർക്കാരിന്റെ ഉത്തരവിനെ മാനിക്കുന്നത് നിലനിൽക്കുന്നുവെന്ന് 28–01–2014–ൽ ഗ്രീൻ ട്രിബ്യൂണൽ മുമ്പാകെ പറഞ്ഞു ആ ഉത്തരവ് എന്ന് പിൻവലിക്കുമോ അന്നുമാത്രമേ കസ്തൂരി രംഗൻ റിപ്പോർട്ട് നടപ്പിലാകുന്നില്ലെന്ന് ഞങ്ങൾ വിശ്വസിക്കുകയുള്ളൂ. ആ ഉത്തരവ് പിൻവലിക്കുമോ? ഈ കാലയളവിൽ പതിമൂന്ന് ആദിവാസികളെ ആന ചവിട്ടികൊന്നു. മാത്രമല്ല, നാന്നൂറ് വർഷത്തിനിടയിൽ ഒരുകാലത്തും കരടിയെ ഞങ്ങൾ അവിടെ കണ്ടിട്ടില്ല. പക്ഷേ മറയൂർ പഞ്ചായത്തിലെ കമ്മാളംകുടിയിൽ പാണ്ഡ്യനെ കരടി ആക്രമിച്ചു. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് എന്ത് നടപടി സ്വീകരിച്ചു? അതുപോലെ പന്നി ആക്രമിച്ച ഒരാളുടെ കണ്ണ് നഷ്ടപ്പെട്ടു. അവർക്ക് എന്ത് സഹായം ലഭ്യമാക്കി? ചമ്പക്കാടിലെ ഗോപാലൻ, സുപ്രൻ, ശകുന്തള എന്നിവർ ഇപ്പോഴും മെഡിക്കൽ കോളേജിലാണ്. അവിടെ സുരേഷ് എന്നൊരാൾ മരണപ്പെട്ടു. ഇതിനുമുമ്പും ഇവർ വനമേഖലയിൽ താമസിച്ചവരാണ്. ആ പ്രദേശത്തുള്ള വന്യമൃഗങ്ങളുമായി ഇടപഴകി ജീവിക്കുന്നവരാണ്. മുമ്പേ ആന പോയാൽ അതിന്റേ പുറകേ പോയിട്ടുള്ളവരാണ്. ഇത്തരത്തിലുള്ള സാഹചര്യങ്ങളിലെല്ലാം ജീവിച്ചവർക്ക് ഇപ്പോൾ എങ്ങനെയാണ് ആക്രമണമുണ്ടായത്. അവരുടെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ അവർ പറയുന്നത്, ഒറ്റപ്പെട്ട കോളനികളിൽ നിന്ന് അവരെ പുറത്താക്കുവാൻ, ആ പ്രദേശത്തു നിന്ന് അവരെ താമസം മാറ്റിക്കുവാൻ,

അവരെ ജനവാസ കേന്ദ്രത്തിൽ നിന്നും ഒഴിപ്പിക്കുവാൻ വേണ്ടി ബോധപൂർവ്വമായ നിലപാടാണോ വനമേഖലയിലെ വനപാലകർ സ്വീകരിക്കുന്നതെന്നാണ് അവരുടെ സംശയം. മാത്രമല്ല, ഒരു കാര്യം കൂടി ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. ആർക്കെങ്കിലും ഈ റിപ്പോർട്ട് നടപ്പിലാകുന്നതിന്റെ ഭാഗായി എന്തെങ്കിലും പ്രയാസമുണ്ടായാൽ അന്നേരം പ്രശ്നം പരിഹരിക്കുമെന്നാണ്. കീഴാന്തൂർ വില്ലേജിലെ എസ്. കെ. മണ്കണ്ഠന്റെ കയ്യിൽ നിന്നും തൃശൂർ ചാവക്കാട് നിന്ന് ഒരാൾ സ്ഥലം വാങ്ങാൻ വന്നു. രണ്ട് ലക്ഷം രൂപ അഡ്വാൻസ് കൊടുത്ത് എഗ്രിമെന്റ് വയ്ക്കുകയും ചെയ്തു. പിന്നീട് കസ്തൂരി രംഗൻ റിപ്പോർട്ട് നടപ്പിലാക്കുവാൻ കേന്ദ്ര സർക്കാർ നവംബർ മാസം 13-ാം തീയതി ഉത്തരവിറക്കിയതിനുശേഷം സ്ഥലം വാങ്ങാൻ വന്ന ആൾ കാശും വേണ്ട സ്ഥലവും വേണ്ടെന്ന് പറഞ്ഞ് പോവുകയാണുണ്ടായത്. പല വിവാഹാലോചനകളും നടക്കുന്നില്ല.

ഇപ്പോൾ ഇടുക്കി ജില്ലയിൽ നിന്ന് ഒരുതരി മണൽ എടുക്കാൻ സാധിക്കുന്നില്ല. കസ്തൂരി രംഗൻ റിപ്പോർട്ട് നടപ്പിലായില്ല എന്ന് പറയുന്നതിൽ എന്ത് അർത്ഥമാണുള്ളത്? മണൽ ഇല്ല, ക്രയവിക്രയങ്ങൾ നടക്കുന്നില്ല, വിവാഹങ്ങൾ നടക്കുന്നില്ല, നികുതി സ്വീകരിക്കുന്നില്ല. ഇങ്ങനെ എല്ലാം ഇല്ലാതായ ഈ സാഹചര്യത്തിൽ കസ്തൂരി രംഗൻ റിപ്പോർട്ട് നടപ്പിലായില്ലെന്ന് പറയുന്നതിൽ എന്ത് അർത്ഥമാണുള്ളത്? അതുകൊണ്ട് ഞങ്ങൾ പറയുന്നു, അവിടെ സമരം ചെയ്യുന്നവർ ജീവൻ നൽകിയാണെങ്കിലും എല്ലാവരും ഒരുമിച്ചുനിന്ന് സമരം ചെയ്യും. അവിടെ കോൺഗ്രസ്സും കമ്മ്യൂണിസ്റ്റും എന്ന നിലയിലായിരിക്കില്ല സമരം നടത്തുന്നത്. അവിടത്തെ ഭൂമിയെ സംര

ക്ഷിക്കാനായാണ് ആ നിലയിൽ നിലനിൽക്കുന്നത്. പരിസ്ഥിതിക്ക് കോട്ടം തട്ടാതെ അതിനെ സംരക്ഷിക്കണമെന്നുള്ളത് മനസ്സിലാക്കാൻ സാധിക്കാത്ത ഇന്നത്തെ സാഹചര്യത്തിൽ ഈ രണ്ട് റിപ്പോർട്ടുകളും തള്ളിക്കളഞ്ഞുകൊണ്ട് ഇവിടെ പ്രതിപക്ഷ ഉപനേതാവ് പറഞ്ഞതുപോലെയുള്ള സമിതി രൂപീകരിച്ച് ജനാധിപത്യ വ്യവസ്ഥിതി നടപ്പിലാക്കണമെന്ന് മാത്രം ഈ അവസരത്തിൽ ഞാൻ പറയുകയാണ്.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, കസ്തൂരി രംഗൻ റിപ്പോർട്ട് പ്രകാരം കേരളത്തിൽ 123 വില്ലേജുകളെ ഇ.എസ്.എ. യിൽ ഉൾപ്പെടുത്തി. ആ വില്ലേജുകളിലെ ജനങ്ങൾ ഉയർത്തുന്ന പ്രതിഷേധത്തിന്റെ വികാരത്തോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. കേരളത്തിന്റെ സവിശേഷതകൾ മനസ്സിലാക്കണം. തെക്കെ ഇൻഡ്യൻ സംസ്ഥാനങ്ങളിൽ ഭൂവിസ്തൃതി കുറഞ്ഞതും ജനസാന്ദ്രത കൂടിയതുമായ സംസ്ഥാനമാണ് കേരളം. കേരളത്തിൽ പശ്ചിമഘട്ടം 150 മീറ്റർ ആൾറ്റിറ്റ്യൂഡിലും മറ്റ് സംസ്ഥാനങ്ങളിൽ അത് 500 മീറ്റർ ആൾറ്റിറ്റ്യൂഡിലുമാണ് നിർണ്ണയിക്കുന്നത്. അവർക്ക് വലിയ നഷ്ടമൊന്നും വരാനില്ല. കേരളത്തിന്റെ ഫോറസ്റ്റിനെക്കുറിച്ച് നേരത്തെ തന്നെ സംസാരിച്ചു. ഭൂവിസ്തൃതിയുടെ 29 ശതമാനവും കേരളത്തിൽ വനഭൂമിയാണ്. അത് അഖിലേന്ത്യാ ആവറേജിനേക്കാൾ 19 ശതമാനം കൂടുതലാണ്. അതുകൊണ്ട് കേരളത്തിന്റെ കേസ് പ്രത്യേകമായി, രാഷ്ട്രീയഭരണ നേതൃത്വത്തിന്റെ മുന്നിലും കോടതിയിലും ഒന്നിച്ചുനിന്ന് വാദിക്കാൻ നമുക്ക് സാധിക്കേണ്ടതായിട്ടുണ്ട്. ഇ.എസ്.എ. നിർണ്ണയത്തിൽ അടിസ്ഥാനപരമായി സംഭവിച്ച അപാകതകൾ ചൂണ്ടിക്കാണിക്കാൻ നമുക്ക് സാധിക്കണം. ഒന്നാമ

തായി, ജനസാന്ദ്രത കണക്കിലെടുത്തിട്ടില്ല. ഒരു ചതുരശ്ര കിലോമീറ്ററിൽ നൂറിൽ കൂടുതൽ ജനങ്ങൾ അധിവസിക്കുന്ന പ്രദേശങ്ങളെ ഒഴിവാക്കാമെന്ന വ്യവസ്ഥയെ പൂർണ്ണമായും ഉപയോഗപ്പെടുത്താൻ കസ്തൂരി രംഗൻ കമ്മിറ്റിക്ക് സാധിച്ചിട്ടില്ല. കേരളം യോജിച്ചുനിന്ന് മാധവ് ഗാഡ്ഗിൽ റിപ്പോർട്ടിനെ എതിർത്തതുപോലെ ഈ റിപ്പോർട്ടിലെ അപാകതകൾ പരിഹരിക്കുന്നതിനുവേണ്ടി അല്ലെങ്കിൽ പുതിയ കമ്മിഷനെ നിയമിക്കുന്നതിനായി നിയമപോരാട്ടവും ഭരണതലത്തിലുള്ള ഇടപെടലുമാണ് ആവശ്യം. അവിടെ നമ്മൾ പരസ്പരം കലഹിച്ചിട്ട് കാര്യമില്ല. യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കണം. ഇവിടെയുണ്ടായ ഒരു സംഭവമെന്താണ്? ഈ കഴിഞ്ഞ ദിവസത്തെ ഗ്രീൻ ട്രൈബ്യൂണലിലെ കേസിനെ സംബന്ധിച്ച് വളരെ തെറ്റിദ്ധാരണാജനകമായ വാർത്തകളും പ്രചരണങ്ങളും പ്രസംഗങ്ങളുമാണ് വന്നിട്ടുള്ളത്. എന്റെ കയ്യിൽ ആ സംഭവവുമായി ബന്ധപ്പെട്ട കോടതിയുടെ പ്രൊസീഡുവറിന്റെ ഓർഡറുണ്ട്. Order of the Tribunal എന്താണ്? Learned counsel appearing for the Ministry of Environment and Forests submits that the order dated 13th November, 2013 and the directions issued therein continue to remain in force. നവംബർ 13-ലെ ഉത്തരവ് നിലനിൽക്കുന്നു. പക്ഷേ വാർത്ത വന്നതെന്താണ്? നവംബർ 13-ലെ ഉത്തരവ് നിലനിൽക്കുന്നുവെന്നും ഡിസംബർ 20-ലെ ഓഫീസ് മെമ്മോറാണ്ടം അസാധുവാണെന്നും കേന്ദ്ര സർക്കാരിനുവേണ്ടി വക്കീൽ വാദിച്ചുവെന്നുമുള്ള തെറ്റായ വാർത്തയാണ് വന്നത്. അങ്ങനെ വാദിച്ചിട്ടില്ല. രണ്ടാമത്തെ പാരഗ്രാഫിൽ പറയുന്നു, കേരളത്തിലെ ഗവൺമെന്റ്, Learned Counsel appearing for the State of

Kerala and the Ministry of Environment and Forest submits that they would like to raise the question of maintainability. We will consider this contention on the next date of hearing. ഗോവ ഫൗണ്ടേഷൻ സമർപ്പിച്ച ഈ ഹർജി തന്നെ നിലനിൽക്കില്ലെന്നാണ് കേരള സർക്കാരും കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ വക്കീലും ഈ ട്രൈബ്യൂണലിൽ വാദിച്ചത്. ആ വാദം കേൾക്കാൻ 10 ദിവസത്തെ അവധി വച്ചിരിക്കുന്നു. കേരളം ഹാജരായി, മറ്റ് തെക്കെ ഇൻഡ്യൻ സംസ്ഥാനങ്ങൾപോലും ഹാജരായിട്ടില്ല. അവർക്ക് വീണ്ടും നോട്ടീസ് കൊടുക്കാനും കോപ്പി കൊടുക്കാനും തീരുമാനിച്ചിരിക്കുന്നു. ഡിസംബർ 20-ന്റെ ഓഫീസ് മെമ്മോറാണ്ടം റദ്ദായിട്ടില്ല, illegal അല്ല എന്ന കാര്യം ദേശാഭിമാനി പത്രത്തിൽപ്പോലും വന്നതാണ്. അത് ഒരു ഓഫീസ് മെമ്മോറാണ്ടമാണെന്ന് അംഗീകരിക്കാം. ആ ഓഫീസ് മെമ്മോറാണ്ടം എങ്ങനെയുണ്ടായി? മുഖ്യമന്ത്രി ഉൾപ്പെടെയുള്ള കേരള രാഷ്ട്രീയ നേതൃത്വത്തിന്റെയും ബഹുമാന്യനായ എ.കെ. ആന്റണി ഉൾപ്പെടെയുള്ള കേന്ദ്രമന്ത്രിമാരുടെയും ശക്തമായ ഇടപെടലിനെത്തുടർന്നാണ് ആ ഓഫീസ് മെമ്മോറാണ്ടമുണ്ടായത്. ആ ഓഫീസ് മെമ്മോറാണ്ടത്തിൽ 13/11-ന്റെ ഡയറക്ഷൻസ് തള്ളിയിട്ടില്ല. 13/11-ലെ ഡയറക്ഷന്റെ പ്രത്യേകത എന്താണ്? 13/11-ലെ ഡയറക്ഷനിൽ ഇതിന്റെ കഥയെല്ലാം പറഞ്ഞിട്ട്, ഞാൻ സമയക്കുറവുകൊണ്ട് മുഴുവൻ വായിക്കുന്നില്ല, 9-ാം പാരഗ്രാഫിൽ പറയുന്നു, Now therefore in exercise of the powers conferred in Section 5 of Environment Protection Act, the following directions are hereby issued. എന്തൊക്കെയാണ് തെർമ്മൽ പ്ലാന്റ്, മൈനിംഗ് ആന്റ് ക്വാറീയിംഗ്,

ബിൽഡിംഗ്, ടൗൺഷിപ്പ്, Red category industries. ഇതൊക്കെ നിരോധി ക്കുന്ന കാര്യമാണ് 13/11–ന്റെ ഡയറക്ഷൻസിൽ പറഞ്ഞിട്ടുള്ളത്. 13/11–ന് 9–ാം ഖണ്ഡികയിൽ പറഞ്ഞിട്ട് ഏതൊക്കെ കാര്യങ്ങൾ നിരോധിച്ചിട്ടുണ്ടോ ആ കാര്യങ്ങളൊക്കെ നിരോധിച്ചതായി 20/12–ന്റെ ഓഫീസ് മോമ്മോറാണ്ട ത്തിലും പറഞ്ഞിട്ടുണ്ട്. എന്നാൽ 20/12–ന്റെ ഓഫീസ് മെമ്മോറാണ്ടത്തിലെ പാരഗ്രാഫ് 3, 4, 5 –ൽ ചില കാര്യങ്ങൾ കൂടി കൂട്ടിച്ചേർക്കുന്നു. അത് കേരള ത്തിന്റെ ആശങ്കകൾ ഫലപ്രദമായി അവതരിപ്പിച്ച് പരിഹരിക്കാനുള്ള മാർഗ്ഗ ങ്ങൾ തന്നെയാണ്, അവതരിപ്പിച്ചതിന്റെ ഫലമായി കിട്ടിയതാണ്. 3–ാം പാര ഗ്രാഫിൽ പറയുന്നു, ഇതിന്റെ ഇ.എസ്.എ. ഫൈനലായി നിശ്ചയിക്കുന്നത് കേരള സംസ്ഥാനം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളുടെയും സ്റ്റേക്ക്ഹോൾഡേഴ്സിന്റെയും അഭിപ്രായങ്ങൾ കേട്ടതിനുശേഷം മാത്രമേ യുള്ളൂ. ഡ്രാഫ്റ്റ് നോട്ടിഫിക്കേഷൻ ഇഷ്യൂ ചെയ്ത് ഫൈനൽ നോട്ടിഫിക്കേ ഷൻ വരുന്നതുവരെയും സ്റ്റേറ്റ് ഗവൺമെന്റുകളുടെയും മറ്റ് ബന്ധപ്പെട്ടവരു ടെയും അഭിപ്രായങ്ങൾ കേൾക്കുമെന്ന് 20/12–ന്റെ മെമ്മോറാണ്ടത്തിലെ പാര ഗ്രാഫ് 3–ൽ വളരെ വ്യക്തമായി പറയുന്നു. വീണ്ടും പാരഗ്രാഫ് 4 –ൽ പറ യുന്നു, The recommendation given by the HLWG neither put any fresh restriction on land use in the ESA nor do they in any way impact the continued occupation of land in possession of the local people and effect their day to day activities or normal livelihood. നാളിതുവരെ കൃഷിക്കാർ കൈവശംവച്ച് ഭൂമിയിൽ കൃഷി ചെയ്യുന്നതിന് യാതൊരു തടസ്സങ്ങളുമില്ല.

ഇന്നലെവരെ അവർ occupy ചെയ്ത് cultivate ചെയ്ത് കൈവശം വച്ചിരുന്നതുപോലെതന്നെ കാർഷിക ഭൂമിയിൽ അവരുടെ ഉടമസ്ഥ കൈവശാവകാശം, കൃഷിക്കുള്ള അവകാശം നിലനിൽക്കുന്നുവെന്ന് 20/12-ന്റെ മെമ്മോറാണ്ടത്തിൽ വ്യക്തമാക്കുന്നു. 5-ാമത്തെ പാരഗ്രാഫ് എന്താണ്? This also reiterated that the prohibition of identified categories of projects activities are stated under para 2 above, the ESA shall apply to new and expansion of these activities alone. നിലവിലുള്ള ക്വാറീയിംഗ് ആണെങ്കിൽപ്പോലും നിലവിലുള്ള സംവിധാനങ്ങൾ നിയമാനുസൃതം നടത്തുന്ന കാര്യങ്ങൾ നടത്തിക്കൊണ്ട് പോകാം, കേരളത്തിന് ആശ്വാസകരമായ ഈ മൂന്ന് ഖണ്ഡികകൾ സംസ്ഥാന സർക്കാരിന്റെ ഇടപെടലിനെത്തുടർന്ന് നേടിയെടുക്കാനും അംഗീകരിപ്പിക്കാനും സാധിക്കുന്നു. ഈ നിർദ്ദേശങ്ങൾ നിലനിൽക്കുന്നുണ്ട്. ഈ നിർദ്ദേശങ്ങളുടെ പശ്ചാത്തലത്തിൽ കേരളത്തിന്റെ ആശങ്കകൾ പൂർണ്ണമായി മാറ്റിയെടുക്കാൻ ഇ.എസ്.എ. അതിരുകൾ നിശ്ചയിക്കുന്നതിന് സംസ്ഥാനം നിയോഗിച്ച ഉമ്മൻ വി. ഉമ്മൻ കമ്മീഷന്റെ നിർദ്ദേശങ്ങൾക്കനുസരിച്ച് കേരളത്തിന്റെ അതിരുകൾ ന്യായയുക്തമായി കർഷകതാൽപ്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ട് നിർണ്ണയിക്കുന്ന മുന്നേറ്റത്തിൽ ഒന്നിച്ചുനിൽക്കണമെന്ന അഭിപ്രായത്തോട് യോജിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. രാജു എബ്രഹാം: സർ, ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ പ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. കഴിഞ്ഞ ദിവസം കേന്ദ്ര ഗവൺമെന്റിനുവേണ്ടി ഗ്രീൻ ട്രിബ്യൂണലിന് മുമ്പാകെവന്ന നീലം

റാത്തോഡ, സെയ്ദ് അൻവർ എന്നീ ആളുകളാണ് 13/11-ന്റെ ഉത്തരവാണ് നിലനിൽക്കുന്നതെന്നുള്ള പ്രസ്താവന നടത്തിയിരിക്കുന്നത്. അതിനു ശേഷമുള്ള കാര്യങ്ങളൊക്കെ ആഭ്യന്തരകാര്യം മാത്രമാണെന്നാണ് പറഞ്ഞിരിക്കുന്നത്. അത് ന്യായീകരിക്കേണ്ട ഒരു കാര്യം ഞങ്ങൾക്ക് സൂചിപ്പിക്കാനുള്ളത്, ഈ ആളുകളെ കേന്ദ്ര സർക്കാരിനെ പ്രതിനിധീകരിക്കുന്ന സ്ഥാനത്തുനിന്ന് മാറ്റിനിർത്തിയോ? മാറ്റിനിർത്തിയില്ലല്ലോ. പിന്നെ നിങ്ങൾ ഉയർത്തുന്ന ഒരു ന്യായവാദവും നിലനിൽക്കുകയില്ല. അവർ ശ്രീ. എം. വീരപ്പ മൊയ്‌ലിക്കുവേണ്ടിയാണ് വന്ന് പറഞ്ഞിരിക്കുന്നത്. ശ്രീ. എം. വീരപ്പ മൊയ്‌ലി മുഖ്യമന്ത്രിക്കുവേണ്ടി പറഞ്ഞുവെന്ന് പറഞ്ഞു. ഞങ്ങൾ അദ്ദേഹത്തിന്റെ വാക്കുകൾ അംഗീകരിക്കുന്നു. ഇവിടെ ന്യായമുണ്ടാകണം. ഒരു തീപ്പെട്ടിക്കൊള്ളി ഉരച്ചിട്ടാൽ മലയോര മേഖല കത്തും. അത് ഇവിടെ സൂചിപ്പിച്ചല്ലോ. ഇവിടെ വസ്തു വിൽക്കാനും വാങ്ങാനും പെൺകുട്ടികളെ കല്യാണം കഴിപ്പിച്ചയയ്ക്കാനും കഴിയുന്നില്ല. ഇതൊക്കെ വളരെ ഗുരുതരമായ പ്രശ്നമാണ്. ഈ അന്തിമവിജ്ഞാപനം വന്നുകഴിഞ്ഞാൽ സ്വാഭാവികമായും മലയോര നിവാസികൾ കുടിയിറങ്ങും. കാരണം എന്താണ്? ഈ ഭൂമിയെ മുഴുവൻ എക്കോളജിക്കലി സെൻസിറ്റീവ് ഏരിയയാക്കി കേന്ദ്ര വനനിയമത്തിനകത്ത് കൊണ്ടുവരികയാണ്. MoEF should put the ESA map. അവരാണ് മാപ്പ് പ്രസിദ്ധീകരിക്കുന്നത്. കേന്ദ്ര വനം, പരിസ്ഥിതി മന്ത്രാലയത്തിന്റെ കീഴിൽ ഈ ഭൂമി മുഴുവൻ വരുന്നുവെന്നുള്ളതാണ്. പാറമടയ്ക്കുവേണ്ടിയുള്ള സമരങ്ങളാണ് മലയോര മേഖലയിൽ നടക്കുന്നതെന്നുള്ള വലിയൊരു പ്രചരണം നടക്കുന്നുണ്ട്. ഇവർ എന്താണ് ചെയ്യുന്നത്? 16-ാം തീയതി പുറപ്പെടുവിച്ചിട്ടുള്ള ഓഫീസ് മെമ്മോറാണ്ടത്തിലെ ഏഴ് കാര്യങ്ങൾ പുറത്തുപറയും. എട്ടാമത്തെ

കാര്യം പറയുകയില്ല. എന്താണ് എട്ടാമത്തെ കാര്യം പറയുന്നത്? Project or activities which are not specifically prohibited under the ESA shall be scrutinized, cumulative impacts on developmental needs, before granting environmental clearance. ബയോഡൈവേഴ്സിറ്റി ബോർഡ് ഇവിടെ അതിന്റെ മലയാളം കൊടുത്തിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനം, ഗതാഗതം ഉൾപ്പെടെ സമഗ്രമായ പരിസ്ഥിതി ആഘാത പഠനത്തിനു ശേഷംമാത്രമേ പരിസ്ഥിതി നിർണ്ണയ വിജ്ഞാപനത്തിലെ 'എ' വിഭാഗത്തിന്റെ കീഴിൽ ഇവയെല്ലാം ഉൾപ്പെടുകയുള്ളൂ. (പരിസ്ഥിതി, വനം മന്ത്രാലയ ത്തിന്റെ ക്ലിയറൻസ് ലഭിച്ചിരിക്കണം.) വീട് വയ്ക്കാനും റോഡ് നിർമ്മിക്കുന്ന തിനും റോഡ് റീ-ടാർ ചെയ്യുന്നതിനും ക്ലിയറൻസ് വേണം. അടിസ്ഥാന സൗകര്യ വികസനം, വളരെ ക്ലിയറാണ്. ഇതാണ് പ്രശ്നം. അതിഗുരുതരമായ ഈ പ്രശ്നം ബാധിച്ചിരിക്കുന്നത് 123 വില്ലേജുകളിൽ മാത്രമാണോ? അല്ല. പത്തുകിലോമീറ്റർ എയർ ഡിസ്റ്റൻസ്.... ബഫർ സോൺ എന്നുപറയുമ്പോൾ 200-ലധികം വില്ലേജുകൾ. 22 ലക്ഷത്തിൽനിന്നും ഒരു കോടിയിലധികം ജനങ്ങളെ നേരിട്ട് ബാധിക്കുകയാണ്. ആനയ്ക്കും പന്നിക്കും കടുവയ്ക്കും ഇടനാഴികകൾ, നല്ല കാര്യംതന്നെയാണ്. ആശുപത്രി വേണ്ട, ക്വാറി വേണ്ട, ഒന്നും വേണ്ട. പക്ഷേ ഈ ഭൂമിയിൽ ജീവിക്കാൻ ഈ പാവപ്പെട്ട ആളുകളെ അനുവദിക്കണം. അതാണ് പ്രശ്നം. ഇവിടെത്തന്നെ സൂചിപ്പിച്ചല്ലോ, റിമോട്ട് സെൻസിംഗ് മുഖേന പഠനം നടത്തിയപ്പോൾ എല്ലാ റബ്ബർത്തോട്ടങ്ങളും വനഭൂമിയായി മാറി. ഇവിടെ ഞങ്ങൾ പരിശോധിച്ചു. ഗ്രാമസഭയുടെ തീരുമാനം കൊടുത്തു. വെറുതെയല്ല പോയത്. ഉമ്മൻ വി. ഉമ്മൻ കമ്മീഷനു മുമ്പാകെ ഗ്രാമസഭയുടെ മുഴുവൻ തീരുമാനങ്ങളും കൊടുത്തു. ഒരു ഗ്രാമ

സഭയും ഈ രണ്ട് റിപ്പോർട്ടുകളും നടപ്പാക്കാൻ അനുകൂലമല്ല. വളരെ ഗുരുതരമായ ഈ പ്രശ്നം നോക്കുമ്പോൾ നമ്മൾ മനസ്സിലാക്കേണ്ടത്, കേരളത്തോട് ഈ റിപ്പോർട്ടുകൾ വേർതിരിവ് കാണിച്ചുവെന്നാണ്. 4658 വില്ലേജുകളിൽ 52 ലക്ഷം ജനങ്ങളാണെങ്കിൽ കേരളത്തിലെ 123 വില്ലേജുകളിൽമാത്രം 22 ലക്ഷം വരുന്നുവെന്ന് പറഞ്ഞാൽ മറ്റ് സംസ്ഥാനങ്ങളിൽ ജനവാസമില്ലാത്ത സ്ഥലങ്ങളും വനപ്രദേശങ്ങളുമാണ് ഈ കസ്തൂരിരംഗൻ പരിഗണിച്ചത്. അതാണ് പ്രശ്നം. ഇത് വലിയ അഴിമതിയുടെ പ്രശ്നംകൂടിയാണ്. 68249 സ്ക്വയർ കിലോമീറ്ററിൽനിന്നും ഇ.എസ്.എ.-യുടെ പരിധി 60000 ആയി കുറച്ചു. മഹാരാഷ്ട്രയിൽ 4000 കുറച്ചു, ഗുജറാത്തിൽ 2000 കുറച്ചു, കർണ്ണാടകയിൽ 1000 കുറച്ചു, തമിഴ്നാട്ടിൽ 2000 കുറച്ചു, ഗോവയിൽ 100 കുറച്ചു. പക്ഷേ കേരളത്തിൽ 1000 സ്ക്വയർ കിലോമീറ്റർ കൂട്ടി. കൊടൈക്കനാലും ഊട്ടിയുമെല്ലാം പോയില്ലേ. പക്ഷേ കേരളത്തിലോ? 1000 സ്ക്വയർ കിലോമീറ്റർ കൂട്ടി. അപ്പോൾ കാണേണ്ടവരെ കാണേണ്ടതുപോലെ കണ്ടു. ഞാൻ മറ്റ് കാര്യങ്ങളെ ആക്ഷേപിക്കുന്നില്ല. ഇത് കേവലമൊരു പെയ്ഡ് റിപ്പോർട്ടാണ്. ഒരു സംശയവും അക്കാര്യത്തിൽ വേണ്ട. ഇവിടെ വീടും കിണറും കുളങ്ങളും റോഡുകളും കലുങ്കുകളും അതൊന്നും വേണ്ട. 30 ശതമാനത്തിൽത്താഴെ വെള്ളമാണെന്നുണ്ടെങ്കിൽ ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ട് നടത്താൻ പാടില്ലായെന്ന് എഴുതിവച്ചിരിക്കുകയാണ്. 30 ശതമാനത്തിൽ കൂടുതൽ വെള്ളം കേരളത്തിൽ അഞ്ചുമാസംകൊണ്ട് കിട്ടുമോ? കിട്ടുകയില്ല. അപ്പോൾ അങ്ങനെയുള്ള അതിഗുരുതരമായ പ്രശ്നം....... ശബരിമല, നിലയ്ക്കൽ എന്നിവ ഇ.എസ്.എ.-യുടെ പരിധിയിൽപ്പെടുത്തിയിരിക്കുകയാണ്. എരുമേലി

പത്തുകിലോമീറ്റർ ബഫർ സോണിലാണ്. സമ്പൂർണ്ണമായി കൂച്ചുവിലങ്ങിടുന്ന ഒരു പ്രശ്നമാണ് ഇവിടെ സംഭവിച്ചിരിക്കുന്നത്. അതുകൊണ്ടാണ് ഇത് വളരെ ഗുരുതരമായ പ്രശ്നമെന്ന രൂപത്തിൽ ഞങ്ങൾ സൂചിപ്പിക്കുന്നത്. ശ്രീ. എസ്. രാജേന്ദ്രൻ പറഞ്ഞ വളരെ ഗുരുതരമായ പ്രശ്നം ഇതിന്റെ പിന്നിലുണ്ട്. കാർബൺ ക്രെഡിറ്റ് ഫണ്ട് 400 കോടി രൂപ കേന്ദ്രത്തിൽ കിട്ടിക്കഴിഞ്ഞിരിക്കുന്നു. അന്തിമ റിപ്പോർട്ടായിക്കഴിഞ്ഞാൽ ചിലപ്പോൾ അത് ഒരു ലക്ഷം കോടിയിലധികം പോകും. ഗാഡ്ഗിൽ കമ്മീഷൻ റിപ്പോർട്ട് ഇതിലും വലിയ ഭ്രാന്ത് പിടിച്ച റിപ്പോർട്ടാണ്. 517 പഞ്ചായത്തുകളാണ് നിരോധിത മേഖലയായി അന്ന് ഗാഡ്ഗിൽ പ്രഖ്യാപിച്ചത്. ഇവിടെ ഗാഡ്ഗിൽ കമ്മീഷനിൽ അംഗമായിരുന്ന ഒരംഗം, പേര് പറയുന്നില്ല. അദ്ദേഹത്തിന്റെ ബഹുമാനപ്പെട്ട ഭാര്യയ്ക്ക് തീസിസ് കൊടുത്തതിന് 40 ലക്ഷം രൂപ കിട്ടി. അപ്പോൾ ഈ അംഗം എന്ത് ചെയ്തു? ഈ അംഗം ചാടി ഭാര്യയോടൊപ്പംപോയി ഇപ്പോൾ എൻ.ജി.ഒ. കളിക്കുകയാണ്.. ഞാൻ പേര് പറയുന്നില്ല. ഇതിന് പുറകിൽ വലിയൊരു അഴിമതിയുണ്ടെന്ന് അതുകൊണ്ടാണ് ഞങ്ങൾ സൂചിപ്പിച്ചത്. ഞാൻ ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. ഫെബ്രുവരി 15 കഴിഞ്ഞാൽ ഏത് സന്ദർഭത്തിലും തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കും. തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചാൽ സംസ്ഥാന ഗവൺമെന്റോ ഉമ്മൻ വി. ഉമ്മൻ കമ്മീഷൻ റിപ്പോർട്ടോ ഒന്നും നടക്കുകയില്ല. മാർച്ച് മാസം 31–ാം തീയതി ഒരു റെഗുലേറ്ററെ വയ്ക്കുമെന്നാണ് ഇപ്പോൾ ഗ്രീൻ ട്രിബ്യൂണലിൽ പറഞ്ഞിരിക്കുന്നത്. ആ റെഗുലേറ്റർ വന്നാൽ ഒന്നും ചെയ്യാൻ കഴിയുകയില്ല. തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കുന്നതിനുമുമ്പ് ഇക്കാര്യത്തിൽ എന്തെങ്കിലും ആത്മാർത്ഥതയുണ്ടെങ്കിൽ കേന്ദ്ര ഗവൺമെന്റിനെ സമീപിച്ചുകൊണ്ട് ഒരാഴ്ച കഴിഞ്ഞ്

നടക്കുന്ന ഗ്രീൻ ട്രിബ്യൂണലിന്റെ സിറ്റിംഗിൽ സംസ്ഥാനത്തിന്റെ നിലപാട് ഇതാണ്, കേന്ദ്ര ഗവൺമെന്റിന്റെ നിലപാട് ഇതാണ്, ഈ റിപ്പോർട്ട് നടപ്പിലാക്കാൻ പാടില്ലാത്തതാണെന്ന് അസന്നിഗ്ദ്ധമായി പറയണം. ആ കേന്ദ്ര ഗവൺമെന്റിനെ സ്വാധീനിക്കാൻ സംസ്ഥാന ഗവൺമെന്റിന് കഴിയുമോ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി വാക്ക് പറയുന്നുണ്ട്. ഞങ്ങൾ അവിശ്വസിക്കുന്നില്ല. പക്ഷേ നടക്കുന്ന കാര്യങ്ങളെല്ലാം വിപരീതമാണ്. അതു കൊണ്ട് ഈ മലയോര മേഖലയിലെ ഒരു കോടിയിലധികം വരുന്ന പാവപ്പെട്ട ജനങ്ങളുടെ ശവശരീരത്തിൽക്കൂടി നടന്നുകൊണ്ടല്ലാതെ ഈ റിപ്പോർട്ട് ഞങ്ങൾ നടപ്പാക്കാൻ അനുവദിക്കുകയില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഒരു നല്ല ചർച്ചയാണ് ഇന്ന് ഇവിടെ നടന്നത്. സഭയുടെ എല്ലാ ഭാഗത്തുനിന്നുള്ളവരും ഈ കാര്യത്തിൽ യോജിക്കുന്നതാണ് കണ്ടത്. സപ്പോർട്ട് ചെയ്യുന്നതിൽ മൽസരിച്ച് മൽസരിച്ച് ഉണ്ടാകുന്ന ഒരു കുഴപ്പമല്ലാതെ വേറെയൊരു കുഴപ്പവും ഇതിനകത്തുണ്ടാ യിരുന്നില്ല. നമ്മൾ ചില യാഥാർത്ഥ്യങ്ങൾ അംഗീകരിക്കണം. എല്ലാവരും ഉൾക്കൊള്ളുന്നത് ഇതാണ്. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് നമ്മൾ ഇവിടെ ചർച്ച ചെയ്ത്, പ്രമേയം കൊണ്ടുവന്ന് പാസ്സാക്കിയതാണ്. അന്നും ശ്രീ. രാജു എബ്രഹാമിന്റെപോലെയുള്ള ശബ്ദങ്ങൾ ഈ സഭയിൽവന്നു. എല്ലാരും ചോദിച്ചു ഇതൊക്കെ പറഞ്ഞിട്ട് എന്തെങ്കിലും കാര്യമുണ്ടോ; നടക്കുമോ എന്ന്. നടന്നില്ലേ? ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് മാറ്റിവച്ച് കസ്തൂരി രംഗൻ വന്നു. കസ്തൂരിരംഗന്റെ റിപ്പോർട്ടിലും മാറ്റങ്ങളുണ്ടായേ മതിയാകൂ. പക്ഷേ ഒരു സത്യം, ഗാഡ്ഗിലിനേക്കാൾ വളരെ ഭേദമാണ് കസ്തൂരിരംഗൻ റിപ്പോർട്ട്. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിൽ കേരളത്തിലെ 978 പഞ്ചായത്തിൽ

633 പഞ്ചായത്ത് വരുമായിരുന്നു. ഇപ്പോൾ 123 വില്ലേജും 121 പഞ്ചായത്തുമാണ്. അഞ്ചിലൊന്നായി കുറഞ്ഞു. ശ്രീ. രാജു എബ്രഹാം ഇത് എതിർക്കുമ്പോൾ ശ്രീ. പിണറായി വിജയന്റെ കത്താണ് എന്റെ കയ്യിലിരിക്കുന്നത്. യാഥാർത്ഥ്യബോധമുള്ള ഒരു കത്താണ്. അതിൽ ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിനെ രൂക്ഷമായി എതിർത്തിട്ട് തുടർന്നുവന്ന കസ്തൂരിരംഗൻ റിപ്പോർട്ടിൽ ഗാഡ്ഗിൽ കമ്മിറ്റി മുന്നോട്ടുവച്ച തെറ്റായ പല നിർദ്ദേശങ്ങളെയും തിരുത്തുകയും ജനങ്ങളുടെ കാര്യങ്ങൾ കുറേക്കൂടി അനുഭാവപരമായ രീതിയിൽ പരിഗണിക്കുകയും ചെയ്തിട്ടുണ്ട്.

മാധവ് ഗാഡ്ഗിൽ കമ്മിറ്റി ശുപാർശകളിലെ പോരായ്മകൾ പലതും പരിഹരിക്കപ്പെട്ടിട്ടുണ്ടെങ്കിലും അവിടെ യഥാർത്ഥത്തിലുള്ള നയം പറഞ്ഞിരിക്കുകയാണ്. അത് പല ആശങ്കകളും ജനങ്ങളിൽ ഉണ്ടാക്കിയിട്ടുണ്ട്. ഈ ആശങ്കകൾ പരിഹരിച്ചുകൊണ്ട് ജനങ്ങളെ പ്രകൃതി സംരക്ഷണത്തിനായുള്ള പ്രവർത്തനങ്ങളിലേയ്ക്ക് കൊണ്ടുവരുന്ന തരത്തിലുള്ള ഇടപെടലാണ് ആവശ്യമായിട്ടുള്ളത്. ശ്രീ. രാജു എബ്രഹാം, ഈ സഭയുടെ വികാരവും അതുതന്നെയാണ്. ഈ ഭാഗത്തുനിന്നും പറഞ്ഞിട്ടുള്ളവർ എല്ലാം അതുതന്നെയാണ് പറഞ്ഞിട്ടുള്ളത്. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് നമുക്ക് ഒരുവിധത്തിലും അംഗീകരിക്കാൻ പറ്റില്ല. കസ്തൂരിരംഗൻ റിപ്പോർട്ടിൽ നമുക്ക് മാറ്റങ്ങൾ വരുത്തണം. ഇതിനുവേണ്ടിയാണ് ശ്രമിക്കേണ്ടത്. എന്താണ് ഇവിടെ സംഭവിച്ചത്? ഗാഡ്ഗിൽ കമ്മിറ്റിയുടെ റിപ്പോർട്ട് വന്നു. നമ്മളടക്കം ശക്തിയായി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കസ്തൂരി രംഗനെ കേന്ദ്ര ഗവൺമെന്റ് നിയോഗിച്ചു. കസ്തൂരി രംഗന്റെ റിപ്പോർട്ട് വരുന്നതിനിടയിൽ ഗോവാ ഫൗണ്ടേഷൻകാർ ഗ്രീൻ ട്രൈബ്യൂണലിൽ പോയി. അവർ പറഞ്ഞു

ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കണമെന്ന്. കേന്ദ്ര ഗവമെന്റിനോട് അഭിപ്രായം ചോദിച്ചു. അവർ പറഞ്ഞു കസ്തൂരി രംഗൻ കമ്മിറ്റിയെ വച്ചിട്ടുണ്ട് എന്ന്. സമയം ചോദിച്ചു. കസ്തൂരി രംഗന്റെ റിപ്പോർട്ട് വന്നു. റിപ്പോർട്ട് വന്നിട്ടും കേന്ദ്ര ഗവൺമെന്റ് ഒരു തീരുമാനമെടുത്തില്ല. അപ്പോൾ ഗ്രീൻ ട്രൈബ്യൂണൽ വീണ്ടും ഒരു തീരുമാനമെടുക്കണമെന്ന് ആവശ്യപ്പെട്ടു. തീരുമാനമെടുക്കാൻ വൈകിയതിന്റെ പേരിൽ, ഈ നാട്ടിലെ കർഷകരുടെ വികാരം കൂടി അറിഞ്ഞുമാത്രമേ തീരുമാനമെടുക്കാവൂ എന്ന സമീപന ത്തിന്റെ പേരിൽ ഗ്രീൻ ട്രൈബ്യൂണൽ കേന്ദ്ര ഗവൺമെന്റിന് ഒരു ലക്ഷം രൂപ ഫൈൻ അടിച്ചു. അപൂർവ്വമായ സംഭവമാണത്. കേന്ദ്ര ഗവൺമെന്റിനെതിരെ ഈ ഗ്രീൻ ട്രൈബ്യൂണൽ ............... എന്തിന്? ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടോ കസ്തൂരി രംഗൻ റിപ്പോർട്ടോ അംഗീകരിക്കാൻ തയ്യാറാകാത്തതിനെ തുടർന്ന് സോളിസിറ്റർ ജനറൽ  നേരിട്ടുപോയി അവിടെ വാദിച്ച്, ഇതിന്റെ സാഹചര്യ ങ്ങൾ വിശദീകരിച്ച് ഈ ഫൈൻ ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടു. അവർ എന്തുചെയ്തുവെന്ന് അറിയാമോ? ഒരു ലക്ഷമെന്നത് 25,000 രൂപയാക്കി കൊടുത്തു. 25,000 രൂപ കേന്ദ്ര ഗവൺമെന്റിനെക്കൊണ്ട് അവിടെ അടപ്പിച്ചു. ഇനി ഈ പശ്ചിമഘട്ട മേഖലയിൽ എന്തെങ്കിലും പരിസ്ഥിതിയനുമതി കൊടു ക്കണമെങ്കിൽ ഗാഡ്ഗിലിന്റെ ശുപാർശകൾ അനുസരിച്ചായിരിക്കണമെന്ന് ഗ്രീൻ ട്രിബ്യൂണൽ പറഞ്ഞു. ഈ സാഹചര്യത്തിലാണ് കേന്ദ്ര ഗവൺമെന്റിന് ഞങ്ങൾ തത്വത്തിൽ കസ്തൂരി രംഗൻ റിപ്പോർട്ട് മാനിക്കുന്നു, അംഗീകരിക്കു ന്നുവെന്ന് പറയേണ്ടിവന്നത്. അതിന് കേന്ദ്ര ഗവൺമെന്റ് നിർബന്ധിതമാ കുകയാണ്. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിനെക്കാൾ ഭേദം കസ്തൂരി രംഗൻ റിപ്പോർട്ടാണെന്ന കാര്യത്തിൽ നമുക്കാർക്കും അഭിപ്രായ വ്യത്യാസമില്ല.

ശ്രീ.രാജു എബ്രഹാമിനുണ്ടോ എന്ന് അറിയില്ല. ഏതായാലും ശ്രീ. പിണറായി വിജയനില്ല. കറക്ട്ടായിട്ടുള്ള സമീപനമാണ്. അങ്ങനെ വന്ന ഒരു സാഹചര്യ ത്തിലാണ് കസ്തൂരി രംഗൻ റിപ്പോർട്ട് തത്വത്തിൽ അംഗീകരിക്കുന്നുവെന്ന് പറയേണ്ടിവന്നത്. കസ്തൂരി രംഗൻ റിപ്പോർട്ടിൽ പല പോരായ്മകൾ ഉണ്ട്. അതുസംബന്ധിച്ച് ഒരു കാര്യം പറയാം. ഞങ്ങൾ പ്രധാനമന്ത്രി ഇവിടെ വന്ന പ്പോൾ നിവേദനം കൊടുത്തു. മുഖ്യമായിട്ടും നാല് കാര്യങ്ങളാണ് പറഞ്ഞത്. ഒന്ന് ഫിസിക്കൽ വെരിഫിക്കേഷനില്ലാതെ റിമോർട്ട് സെൻസിംഗ് അനുസരി ച്ചാണ് കണക്കാക്കിയിരിക്കുന്നത്. ഇതിനകത്ത് തെറ്റുപറ്റിയിട്ടുണ്ട്. നമ്മുടെ റബർ എസ്റ്റേറ്റ് അടക്കമുള്ളത് ഇതിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. അതു പോലെ ഒരു ചതുരശ്ര കിലോമീറ്ററിൽ നൂറോ അതിൽ കൂടുതലോ പേർ ഉണ്ടെങ്കിൽ അത് ഇ.എസ്.എ. ആക്കില്ലെന്ന് പറഞ്ഞിട്ടുണ്ട്. പക്ഷേ കേരള ത്തിൽ ഈ പ്രഖ്യാപിച്ച 123 വില്ലേജുകളിൽ മഹാഭൂരിപക്ഷവും എന്റെ ഓർമ്മ ശരിയാണെങ്കിൽ 24 പഞ്ചായത്തുകൾ ഒഴിച്ചാൽ ബാക്കിയുള്ളതെല്ലാം 100 മുതൽ 754 വരെ ജനസംഖ്യയുള്ളവയാണ്. കേരളത്തിലെ ജൈവ സമ്പത്തിന്റെ മഹത്വം അതിന്റെ പേരിൽ വച്ചിരിക്കുകയാണ്. നമുക്ക് അതിൽ യോജിക്കാൻ പറ്റില്ല. അതാണ് രണ്ടാമത്തെ കാര്യം. മൂന്നാമത്തേത് 1.1.1977–ന് മുമ്പുള്ളവർക്ക് നമ്മൾ പട്ടയം കൊടുത്തിട്ടുണ്ട്. അവരെല്ലാം കർഷകരാണ്. കൃഷിഭൂമിയാണ്. ഒരു കാരണവശാലും പറ്റില്ല. നാലാമത്തേത് ബഫർസോൺ പാടില്ല. ഈ നാല് കാര്യങ്ങളാണ് പ്രധാനമായും ഉള്ളത്. ഇന്ന് എനിക്ക് പ്രധാനമന്ത്രിയുടെ ഓഫീസിൽ നിന്നും ഒരു കമ്മ്യൂണിക്കേഷൻ കിട്ടി. സ്റ്റേറ്റ് ഗവൺമെന്റ് കൊടുത്ത മെമ്മോറാണ്ടം അന്ന് തലസ്ഥാനത്തുണ്ടായിരുന്ന എല്ലാ മന്ത്രിമാരുംകൂടി കണ്ടു സംസാരിച്ചുകൊടുത്ത ആ മെമ്മോറാണ്ടം വച്ചു

കൊണ്ട് ഓഫീസിൽ നിന്നും എൻവയോൺമെന്റ് ആന്റ് ഫോറസ്റ്റ് സെക്രട്ടറിക്ക് കൊടുത്ത ഡയറക്ഷനാണ്. The State Government has raised its concerns regarding the Kasturirangan Report. Prime Minister has observed that environmental concerns need to be harmonized and developmental objectives and livelihood issues of farmers. Prime Minister has therefore desired that before taking final decision on the report the ministry may suitably address the concerns of the State Government. ഈ നാല് കാര്യങ്ങൾ അവർ കൺസിഡർ ചെയ്യണമെന്നുള്ളതാണ്. ഞാൻ ഒരു കാര്യം പറയുന്നു. കേരളത്തിൽ നിന്നും പറഞ്ഞിട്ടുള്ള ആവശ്യങ്ങൾ ന്യായമാണ്. നമ്മൾ അന്യായമായിട്ട് ഒന്നും പറഞ്ഞിട്ടില്ല. നമ്മൾ വൻകിടക്കാരെ സഹായിക്കുന്നതിനുവേണ്ടി ഒന്നും പോയിട്ടില്ല. ഇവിടെത്തെ കർഷകർ അവർക്കുവേണ്ടിയുള്ള കാര്യങ്ങളാണ് പറഞ്ഞിരിക്കുന്നത്. ആ ആവശ്യങ്ങൾ അംഗീകരിപ്പിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. അതുസംബന്ധിച്ച ഒരു ആശങ്കയും വേണ്ട. ഞാൻ കൂടുതൽ നീട്ടുന്നില്ല. കാരണം അടിയന്തരമായിട്ട് പോയി വേണ്ടത് ചെയ്യണമെന്ന് അങ്ങ് പറഞ്ഞു. ഞാൻ ഇന്ന് നേരെ പോകുന്നത് എയർപോർട്ടിലേയ്ക്കാണ്. ഡൽഹിക്ക് പോയി നാളെ ശ്രീ. വീരപ്പമൊയ്‌ലിയെ കണ്ട് ഈ റിപ്പോർട്ടുവച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുമായി ചർച്ച ചെയ്ത് അതുസംബന്ധിച്ച ഒരു തീരുമാനമുണ്ടാക്കാൻ വേണ്ടിയാണ്. ഞാൻ വീണ്ടും ആവർത്തിക്കുന്നു ഇതു സംബന്ധിച്ച് ഒരു ആശങ്കയ്ക്കും ഇടയില്ല. നമ്മൾ ഇക്കാര്യത്തിൽ ഒന്നിച്ചു നിൽക്കണം. നമ്മൾ എല്ലാവരും പറയുന്നത് ഒന്നാണല്ലോ. പിന്നെ

ഏതെങ്കിലും വിധത്തിൽ തർക്കമുള്ളത് ഇത് നടക്കുമോ ഇല്ലയോ എന്നുള്ള തിനാണ്. ഏതായാലും ഗാഡ്ഗിലിന്റെ കാര്യത്തിൽ സംശയം പറഞ്ഞു. പക്ഷേ ആ സംശയങ്ങളൊക്കെ അസ്ഥാനത്തായി. കസ്തൂരി രംഗന്റെ കാര്യ ത്തിൽ ഇന്ന് പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഓരോന്നും നമ്മൾ നടപ്പിലാക്കും. പ്രധാനമന്ത്രി തന്നെ ഇതിന് കമ്മിറ്റ് ചെയ്തിരിക്കുന്നു. ഇത് ന്യായമാണ്, നീതി യാണ്. അതിനുവേണ്ടി നമ്മൾ ഒറ്റക്കെട്ടായി ശബ്ദിക്കണം. നമ്മൾ ഇനിയും അങ്ങോട്ടുമിങ്ങോട്ടും തമ്മിൽ തർക്കിക്കുന്നതിനെക്കാൾ കൂടുതൽ ഈ ആവശ്യത്തിന്റെ പേരിൽ ഒന്നിച്ചുനിന്ന് ഈ ആവശ്യം നേടാം. ഗവൺമെന്റ് അക്കാര്യത്തിൽ യാതൊരു വിട്ടുവീഴ്ച്ചയ്ക്കുമില്ല എന്ന് വ്യക്തമാക്കിക്കൊണ്ട് ഞാൻ ഇവിടെ എല്ലാവരുടെയും അനുമതിയോടുകൂടി അംഗീകരിച്ചിട്ടുള്ള ഒരു പ്രമേയം വായിക്കുകയാണ്.

<u>ചട്ടം 275 പ്രകാരമുള്ള സബ്സ്റ്റാന്റീവ് പ്രമേയം</u>

"കസ്തൂരി രംഗൻ റിപ്പോർട്ട് സംബന്ധിച്ച് കേരളത്തിലെ ജനങ്ങൾക്കിടയിൽ ഉയർന്നുവന്നിട്ടുള്ള ആശങ്കകൾ കണക്കിലെടുത്തു കൊണ്ട് പരിസ്ഥിതി ലോലപ്രദേശങ്ങൾ (ESA) നിർണ്ണയിക്കുമ്പോൾ ജനവാസ കേന്ദ്രങ്ങളും കൃഷിയിടങ്ങളും പൂർണ്ണമായും ഒഴിവാക്കണമെന്നും, കർഷക വിരുദ്ധ നിർദ്ദേശങ്ങൾ ഉപേക്ഷിക്കണമെന്നും, സഭയുടെ പൊതു വികാരം മാനിച്ച് സംസ്ഥാന ഗവൺമെന്റ് സമർപ്പിക്കുന്ന നിർദ്ദേശങ്ങൾ പരിഗ ണിച്ചു മാത്രമേ അന്തിമ തീരുമാനം കൈക്കൊള്ളാവൂ എന്നും ഈ സഭ കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു."

<u>മി. സ്പീക്കർ</u> : സബ്സ്റ്റാന്റീവ് പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ....................

പ്രതികൂലിക്കുന്നവർ......................

സബ്സ്റ്റാന്റീവ് മോഷൻ സഭ ഏകകണ്ഠായി അംഗീകരിച്ചിരിക്കുന്നു.

ഓർഡർ, ഓർഡർ.................സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2014 ഫെബ്രുവരി മാസം 3-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 5.59-ന് പിരിഞ്ഞു.)

*********